# സർക്കുലർ

***Circular Letter No. 04./2016***
***Prot. No.17981/2016***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഒരു നൂറ്റാണ്ടിലേറെയായി നമ്മുടെ സഭയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് അഖില കേരള കത്തോലിയ്ക്കാ കോൺഗ്രസ്സ്. ഏതാനും വർഷങ്ങളായി അതിന്റെ പ്രവർത്തനം മന്ദീഭവിച്ച് കിടക്കുകയായിരുന്നു. എന്നാൽ നമ്മുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ ആഹ്വാനം അനുസരിച്ച് അതിനെ പുനർജീവിപ്പിയ്ക്കുകയും പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മാനന്തവാടി രൂപതയിൽ ഇതിനോടകം നൂറിൽപ്പരം ഇടവകകളിൽ യൂണിറ്റുകൾ സ്ഥാപിച്ച് കഴിഞ്ഞു. രൂപതാ സമിതിയും രൂപീകരിക്കപ്പെട്ടിരിക്കുന്നു. ശേഷിക്കുന്ന ഇടവകകളിൽ എത്രയും വേഗം സ്ഥാപിക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വൈദികർ പ്രത്യേകം താല്പര്യം എടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. രൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ചാണ്ടി പുനക്കാട്ട് അച്ചനും രൂപതാ ഭാരവാഹികളും ഇക്കാര്യത്തിൽ എല്ലാ സഹായവും ചെയ്ത് തരാൻ സന്നദ്ധരാണ്.

കത്തോലിയ്ക്കാ കോൺഗ്രസ്സിനെയും അൽമായ നേതൃത്വത്തെയും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ രൂപതകളിലും ഈ സംഘടനയുടെ നേതൃത്വത്തിൽ അൽമായ സമ്മേളനങ്ങൾ നടന്നു കഴിഞ്ഞു. പല വിധ കാരണങ്ങളാൽ നമ്മുടെ രൂപതയിൽ അത് ഇതുവരെ നടത്താൻ കഴിഞ്ഞില്ല. ഇക്കാര്യം നമ്മൾ കഴിഞ്ഞ വൈദിക സമ്മേളനത്തിൽ ചർച്ച ചെയ്തിരുന്നല്ലോ. അതിൻ പ്രകാരം ഈ വരുന്ന ഫെബ്രുവരി 20 ന് ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഒരു മഹാസമ്മേളനം നടക്കുകയാണ്. അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പും കത്തോലിയ്ക്കാ കോൺഗ്രസ്സിന്റെ കേന്ദ്ര ഭാരവാഹികളും ഇതിൽ പങ്കെടുക്കുന്നതാണ്. സമ്മേളനം ഒരു വൻ വിജയമാക്കാൻ എല്ലാവരുടെയും പ്രത്യേകിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും അസേന്തിയച്ചന്മാരുടെയും കത്തോലിയ്ക്കാ കോൺഗ്രസ്സിന്റെ ഇടവക രൂപതാ ഭാരവാഹികളുടെയും ആത്മാർത്ഥമായ സഹകരണവും സഹായവും അഭ്യർത്ഥിക്കുന്നു.

സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ താഴെപ്പറയുന്നവരാണ്. ഇടവകവികാരിമാർ, അസിസ്റ്റന്റ് വികാരിമാർ, കത്തോലിയ്ക്കാ കോൺഗ്രസ്സിന്റെ ഭാരവാഹികളും അംഗങ്ങളും, ഇടവകയിലെ

സമർപ്പിതഭവനങ്ങളുടെ സുപ്പീരിയർമാർ, കൈക്കാരന്മാർ, സെക്രട്ടറിമാർ, മതബോധന പ്രധാനാധ്യാപകർ വിവിധ സംഘടനാഭാരവാഹികൾ, പാരീഷ്കൗൺസിൽ അംഗങ്ങൾ കൂടാതെ പറ്റുന്നത്ര മറ്റുള്ളവരും പങ്കെടുക്കാൻ ശ്രമിയ്ക്കണം. അതിനായി ഇടവകയിൽ നിന്ന് തന്നെ വാഹനങ്ങൾ ഒരുക്കുന്നത് ഉചിതമായിരിയ്ക്കും.


മാനന്തവാടി, കല്ലോടി, പയ്യമ്പള്ളി, നടവയൽ, ബത്തേരി, കൽപ്പറ്റ, തരിയോട്, മുള്ളൻകൊല്ലി, ചുങ്കക്കുന്ന് ഫൊറോന പള്ളിയുടെ കീഴിൽ വരുന്ന ഇടവകകളിൽ നിന്ന് കൂടുതലായി അൽമായർ പങ്കെടുക്കാൻ ബഹുമാനപ്പെട്ട വികാരിമാർ ക്രമീകരണങ്ങൾ ചെയ്യണം എന്ന് ഓർമ്മപ്പെടുത്തുന്നു. ചില പ്രായോഗിക കാരണങ്ങളാൽ സമ്മേളനത്തിന് മുമ്പുള്ള റാലി ഒഴിവാക്കുകയാണ്. അതിനാൽ എല്ലാവരും സമ്മേളന സ്ഥലമായ പാസ്റ്ററൽ സെന്ററിലേയ്ക്ക് എത്തിച്ചേർന്നാൽ മതിയാകുന്നതാണ്. കൃത്യം രണ്ട് മണിയ്ക്ക് തന്നെ സമ്മേളനം ആരംഭിയ്ക്കുന്നതാണ്. അഞ്ച് മണിയോടെ ഏവർക്കും തിരിയെ പോകാവുന്നതാണ്.

സമ്മേളനത്തിൽ പങ്കെടുക്കുന്നവർ വരുന്ന വാഹനങ്ങളിൽ കത്തോലിയ്ക്കാ കോൺഗ്രസിന്റെ പതാക ഉണ്ടായിരിക്കുന്നത് അഭികാമ്യമാണ്. സമ്മേളനം സംബന്ധിച്ച സംശയനിവാരണങ്ങൾക്ക് രൂപതാ ഡയറക്ടർ ബഹു. ചാണ്ടി പുനക്കാട്ടച്ചനെയോ രൂപതാ ഭാരവാഹികളെയോ സമീപിക്കേണ്ടതാണ്.

സമ്മേളനത്തിന്റെ ചെലവിലേയ്ക്കായി നമ്മുടെ ഇടവകകളിൽ നിന്ന് ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച എടുക്കാം എന്നും വൈദിക സമ്മേളനം തീരുമാനിച്ചിരുന്നു. അതിൻപ്രകാരം 2016 ഫെബ്രുവരി 14 ന് ഞായറാഴ്ച പ്രത്യേക പിരിവ് എടുക്കുകയും താമസംവിനാ കിട്ടുന്ന തുക രൂപതാ കേന്ദ്രത്തിൽ എത്തിയ്ക്കുകയും ചെയ്യണം. ഏവർക്കും മുൻകൂട്ടി നന്ദി പറയുന്നു.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2016 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2016 ഫെബ്രുവരി മാസം 7 ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. കത്തോലിയ്ക്കാ കോൺഗ്രസ്സിനെപ്പറ്റി അന്യത്ര കൊടുത്തിരിയ്ക്കുന്ന ലേഖനവും (പേജ് 9-13) വിശ്വാസികളുടെ അറിവിലേയ്ക്ക് പള്ളിയിൽ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 05/2016***
***Prot. No.17980/2016***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2015 നോട് വിട പറഞ്ഞ് 2016 ലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ദൈവം നമുക്ക് തരുന്ന ദാനമാണ് ഓരോ വർഷവും. കഴിഞ്ഞ വർഷം ദൈവം നമുക്ക് നൽകിയ നിരവധിയായ നന്മകൾക്ക് അവിടുത്തോട് നമുക്ക് നന്ദിയുള്ളവരായിരിക്കാം. അതുപോലെ പുതിയ വർഷത്തിൽ നന്മയിലൂടെ നമ്മളെ വഴി നടത്തണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം. നിങ്ങൾക്കെല്ലാവർക്കും ശാന്തിയും സാമാധാനവും നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകാനായി ഒരു സഹായനിധി നമ്മുടെ രൂപതയിൽ രൂപീകരിച്ചിട്ടുള്ളത് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ചുരുങ്ങിയത് അഞ്ഞൂറ് കുട്ടികൾക്കെങ്കിലും ആയിരം രൂപ വച്ച് ഓരോ വർഷവും സഹായധനമായി കൊടുക്കുന്ന ഒരു പദ്ധതിയാണിത്. ഏതാനും കുട്ടികൾക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കാനും കുറേപ്പേർക്ക് ഉപരിപഠനത്തിനും പ്രത്യേക പരിശീലനത്തിനും മറ്റുമായി സഹായം കൊടുക്കുന്നുണ്ട്. ഇപ്പറഞ്ഞ പദ്ധിതിക്കുപുറമേ നമ്മുടെ രൂപതയിലെ സന്യാസിനീസമൂഹങ്ങൾ ഒരുമിച്ച് ചേർന്ന് ഇരുന്നൂറ്റമ്പതിനും മുന്നൂറിനും ഇടയിൽ കുട്ടികൾക്കും വർഷം ആയിരം രൂപാ വച്ച് സഹായധനം കൊടുക്കുന്നുണ്ട്. ഉപരിവിദ്യാഭ്യാസത്തിനും കുറേപ്പേർക്ക് അവർ സഹായം കൊടുക്കുന്നുണ്ട്. കഴിഞ്ഞ പത്ത് വർഷമായി നമ്മൾ ഇപ്രകാരം ചെയ്യുന്നു. ഈ പത്ത് വർഷംകൊണ്ട് ഒരുകോടി ഒൻമ്പത് ലക്ഷത്തി ഇരുപത്തെട്ടായിരത്തി തൊള്ളായിരത്തി നാല്പത് (1,09,28,940) രൂപയാണ് ഈ പദ്ധതിയിലൂടെ നമ്മൾ വിതരണം ചെയ്തത്. ഏറെ പേർക്ക് ഇത് വലിയ സഹായമാണ്.

സ്കൂൾ കുട്ടികൾക്ക് പുറമേ ഏതാനും കുട്ടികൾക്ക് താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് ചേവരമ്പലത്ത് പ്രവർക്കുന്ന സ്റ്റാർട്ട്

എന്ന സ്ഥാപത്തിൽ പരിശീലനം നേടുന്നതിനുള്ള സഹായധനവും കൊടുക്കുന്നുണ്ട് എന്നത് എടുത്തു പറയേണ്ട സംഗതിയാണ്. പ്ലസ്ടു കഴിഞ്ഞവരും പഠനത്തിൽ മികവ് പുലർത്തുന്നവരുമായ കുട്ടികളെ മാത്രമേ അവിടെ സ്വീകരിക്കുകയുള്ളു. ഒരു വർഷത്തെ പരിശീലന മാണ് അവിടെ കൊടുക്കുന്നത്. കുട്ടികൾക്ക് അവരവരുടെ അഭിരുചി കൾ തിരിച്ചറിയാനും അതിനനുസരിച്ച് ഇന്ത്യയിലുള്ള വിവിധ കേന്ദ്രീയ സർവ്വകലാശാലകളിൽ പ്രവേശനം നേടുന്നതിനും സ്റ്റാർട്ടിലെ പരിശീലനം ഏറെ ഉപകരിക്കുന്നു. ഈ സർവ്വകലാശാലകളിലെ പഠനം തികച്ചും സൗജന്യമാണെന്ന വസ്തുതയും എടുത്തുപറയേണ്ടതാണ്. നമ്മുടെ കുട്ടികൾ ഈ സ്ഥാപനത്തിലൂടെ പഠിച്ച് കടന്നുപോകുന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. കാരണം കേവലം കുറേ അറിവ് പകർന്ന് കൊടുക്കുക മാത്രമല്ല അവിടെ ചെയ്യുന്നത്. നമ്മുടെ കുട്ടിക ളുടെ ആദ്ധ്യാത്മികവും വിശ്വാസപരവും ഭാഷാപരവുമായ പരിശീലന ത്തിനും അവിടെ ഊന്നൽ കൊടുക്കുന്നുണ്ട്. അവിടെ നിന്ന് പഠിച്ചു പോയ എല്ലാവർക്കും അവിടുത്തെ പരിശീലനത്തെ പറ്റി നല്ലതേ പറയാ നുള്ളു. വളരെയധികം പേർ നല്ല നിലകളിൽ എത്തിക്കഴിഞ്ഞു.

സ്കൂൾ കുട്ടികളിൽ സഹായധനം ലഭിക്കാൻ അർഹതയുള്ള വരെ തെരഞ്ഞെടുക്കുന്നതും അവർക്കുള്ള സഹായധനം വിതരണം ചെയ്യുന്നതും ഓരോ ഇടവകയിലെയും ബഹു. വികാരിയച്ചന്മാരും കമ്മറ്റിക്കാരും ഉൾപ്പെടുന്ന സമിതിയാണ്. ഇടവകയിലെ ബഹു. സിസ്റ്റേഴ്സും ഇതിൽ ഭാഗഭാക്കാകുന്നു. പണം ചെക്കായി രൂപതാ കേന്ദ്ര ത്തിൽ നിന്ന് അതാത് പള്ളിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് അയയ്ക്കുന്നത്. അത് പള്ളിക്കണക്കിൽ വരവ് വെച്ചശേഷം ഒന്നോ രണ്ടോ ഗഡുക്കളായി കുട്ടികൾക്ക് വിതരണം ചെയ്യുകയും പള്ളിക്കണ ക്കിൽ ചെലവെഴുതുകയും ചെയ്യുന്നു. കുട്ടികൾക്ക് പുസ്തകം, വസ്ത്രം, കുട, ചെരുപ്പ് തുടങ്ങിയവ വാങ്ങാൻ ഈ പണം ഉപയോഗിക്കുന്നു എന്ന് അവർ ഉറപ്പുവരുത്തുകയും ചെയ്യുന്നു. പണം മറ്റ് കാര്യങ്ങൾക്ക് ഉപയോ ഗിച്ചാൽ പിറ്റേ വർഷം മുതൽ സഹായം കൊടുക്കുന്നതുമല്ല.

സഹായധനം ലഭിക്കുന്ന കുട്ടികളുടെ കാര്യത്തിൽ അതാത് ഇടവകകളിൽ സേവനം അനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിന് പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കണം. അവരുടെ വീടുകൾ ഇടയ്ക്കിടെ അവർ സന്ദർശി ക്കുകയും അവരുടെ പഠനനിലവാരം വിലയിരുത്തുകയും ആവശ്യമായ വിവരങ്ങൾ ബഹു. വികാരിയച്ചന്മാരെയും കമ്മറ്റിക്കാരെയും അറിയി ക്കുകയും ചെയ്യണം. ആ കുടുംബങ്ങളുടെ ആദ്ധ്യാത്മിക പുരോഗതി യിലും ബഹു. സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കഴിഞ്ഞ വർഷം രൂപതാ കേന്ദ്രത്തിൽ നിന്ന് നടത്തുന്ന പദ്ധതിക്കായി 15,17,468 രൂപയും ബഹു. സിസ്റ്റേഴ്സ് നടത്തുന്ന പദ്ധതിക്കായി 4,02,827 രൂപയും കിട്ടി. അതിൽ രൂപതാ കേന്ദ്രത്തിലെ പദ്ധിയിൽ നിന്ന് 15,02,650 രൂപയും സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 3,99,183 രൂപയും വിതരണം ചെയ്തു. ആകെ 19,01,833 രൂപയാണ് വിതരണം ചെയ്തത്.

വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് സംഭാവനകൾ നൽകിയ എല്ലാവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. നിങ്ങളുടെ ഈ സംഭാവനകൾ നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളായി മാറും. സഹായം കിട്ടുന്ന കുട്ടികൾ തീർച്ചയായും അവരുടെ പ്രാർത്ഥനകളിൽ നിങ്ങളെ ഓർക്കും. കുട്ടികളുടെ പ്രാർത്ഥനകൾ ദൈവം കേൾക്കാതിരിക്കുകയില്ല.


പല മാർഗ്ഗങ്ങളിലൂടെയാണ് നമ്മുടെ പദ്ധതിക്കുള്ള പണം കണ്ടെത്തുന്നത്. അതിൽ ഒന്നാമത്തേത് ഓരോ വർഷവും നമ്മൾ ഇടവകകളിൽ നിന്നെടുക്കുന്ന ഒരു പൊതു പണ സമാഹരണമാണ്. രണ്ടാമത്തെ മാർഗ്ഗം വ്യക്തികളും സമൂഹങ്ങളും തരുന്ന തുകകളാണ്. തങ്ങൾക്ക് ദൈവം തന്ന സമ്പത്തിൽ ഒരു ഭാഗം നിർദ്ധന മക്കളുടെ വിദ്യാഭ്യാസത്തിനായി നീക്കിവെക്കുന്ന ധാരാളം പേരുണ്ട്. പ്രത്യേകിച്ചും ഏതെങ്കിലും ആഘോഷ അവസരങ്ങൾ വരുമ്പോൾ പലരും ഇങ്ങനെ ചെയ്യുന്നുണ്ട്. ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾ തങ്ങൾക്ക് സമ്മാനമായി കിട്ടുന്ന തുകയിൽ ഒരു ഭാഗം നല്ല കാര്യത്തിനായി നീക്കിവെക്കുന്നുണ്ട്. ഇതിനായി ബഹു. വൈദികരും മാതാപിതാക്കളും അവരെ പ്രോത്സാഹിപ്പിക്കണം.

ഇടവകകളിൽ നടത്തുന്ന തിരുനാൾ അവസരങ്ങളിൽ അതിനു ചെലവാകുന്ന തുകയുടെ ഒരു ഭാഗം വിദ്യാഭ്യാസ നിധിയിലേയ്ക്ക് തരുന്ന ഇടവകകളുണ്ട്. ഓരോ ഇടവകയും തങ്ങളുടെ തിരുനാൾ ബഡ്ജറ്റിന്റെ 5% എങ്കിലും ഇപ്രകാരം നീക്കിവെക്കണം എന്നാണെന്റെ അഭ്യർത്ഥന. നിങ്ങൾക്ക് അത് വലിയ ദൈവാനുഗ്രഹത്തിന്റെ കാരണമാകും. വെടിക്കെട്ടും ചെണ്ടമേളങ്ങളും അലങ്കാരങ്ങളുമെല്ലാം നമ്മുടെ കണ്ണിനും കാതിനും മനസിനുമൊക്കെ ഇമ്പം പകരുമെങ്കിലും ദൈവത്തിന് പ്രീതികരമായിട്ടുള്ളത് നമ്മുടെ ആഘോഷങ്ങളല്ല എന്ന കാര്യം നാം വിസ്മരിക്കരുത്. ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന കർതൃ വാക്യം നമുക്ക് അനുസ്മരിക്കാം. ഈ കരുണയുടെ വർഷത്തിൽ ഇത്തരത്തിലുള്ള കാരുണ്യ പ്രവർത്തികൾ നമ്മുടെ

മുഖ മുദ്രയാകട്ടെ. കരുണയുടെ വർഷം കേവലം ഭക്താഭ്യാസങ്ങളിലും ആചരണങ്ങളിലും ഒതുങ്ങിപ്പോകാതിരിക്കട്ടെ എന്നാണെന്റെ ആഗ്രഹവും ആശംസയും. പങ്കുവെക്കുന്ന മനോഭാവം നമ്മുടെയൊക്കെ സ്ഥായിയായ മനോഭാവമായി മാറട്ടെ.

ഈ വർഷം ഫെബ്രുവരി 28 ന് ഞായറാഴ്ചയാണ് വിദ്യാഭ്യാസ നിധിയിലേക്കുള്ള സംഭാവനകൾ സമാഹരിക്കേണ്ടത്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും ആ ദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചുതരികയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങളേവരുടെയും ഉദാരമായ സംഭാവനകൾ ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2016 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2016 ഫെബ്രുവരി മാസം 21-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 06/2016***
***Prot. No.17982/2016***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ, പ്രിയപ്പെട്ട കുട്ടികളേ,

നമ്മുടെ വിശ്വാസജീവിതത്തിൽ വൈദികരുടെ പങ്കിന്റെ പ്രാധാന്യത്തെപ്പറ്റി ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാമല്ലോ. ഒരു കത്തോലിക്കാ വിശ്വാസിയെ സംബന്ധിച്ച് തന്റെ ജീവിതത്തിൽ വൈദികന്റെ ഇടപെടൽ അനിവാര്യമാണ്. വിശ്വാസജീവിതത്തിന്റെ കേന്ദ്ര ബിന്ദുവായ വിശുദ്ധ കുർബാനയർപ്പണം വൈദികനില്ലാതെ നടക്കുകയില്ലല്ലോ. അതുപോലെ മറ്റ് കൂദാശകളുടെ കാര്യവും.

നമ്മുടെ സഭയുടെയും സമുദായത്തിന്റെയും സജീവത്വവും കെട്ടുറപ്പും എല്ലാം ഏറിയ പങ്കും ഇടവകയിലെ വൈദികനെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഒരിടവകയിൽ കുറേ വർഷങ്ങളിലേക്ക് വൈദികൻ ഇല്ലാതെ വന്നാൽ ആ ഇടവക സാവധാനം ശിഥിലമാകുന്നത് നമ്മുടെ അനുഭവമാണ്. അതുപോലെതന്നെ വൈദിക ജീവിതത്തിലേക്കും, സന്യസ്ത ജീവിതത്തിലേക്കുമുള്ള ദൈവവിളികളും ഇല്ലാതാകുന്നത് കാണാം.

പാശ്ചാത്യ രാജ്യങ്ങളിലേതുപോലെ സ്ഥിതി അത്ര രൂക്ഷമല്ലെങ്കിലും നമ്മുടെ നാട്ടിലും വൈദിക ജീവിതത്തിലേക്കും സന്യസ്ത ജീവിതത്തിലേക്കും പ്രവേശിക്കുന്നവരുടെ എണ്ണം കുറഞ്ഞു തുടങ്ങിയതിന്റെ കാരണങ്ങൾ പലതാണ്. കാരണം എന്തായാലും ഈ പ്രവണത തുടർന്നാൽ അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കും എന്നത് നിസംശയമാണ്. ഇത്രയും നാൾ വൈദികരുടെ ശുശ്രൂഷ സുലഭമായി നമുക്കു നൽകിയ ദൈവത്തെ സ്തുതിക്കുന്നതോടൊപ്പം ഇനിയും ഈ ജീവിതത്തിലേക്ക് ധാരാളം പേരെ അയയ്ക്കണമേയെന്ന് കർത്താവിനോട് മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്യാം. അതോടൊപ്പം നമ്മുടെ കുടുംബങ്ങളിൽ നിന്ന് വൈദിക ജീവിതത്തിലേക്ക് പ്രവേശിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. അതുപോലെ തന്നെ സന്യാസ ജീവിതത്തിലേക്കും.

സ്കൂൾ വർഷം തീരാൻ പോവുകയാണല്ലോ. 10-ാം ക്ലാസ്സിൽ പഠിക്കുന്ന സൽ സ്വഭാവികളും മിടുക്കരുമായ ആൺകുട്ടികളെ സെമിനാരിയിലേക്ക് പറഞ്ഞുവിടുന്ന കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. നമ്മുടെ രൂപതാ മൈനർ സെമിനാരിയിലേക്ക് ഇപ്പോൾതന്നെ അപേക്ഷ അയയ്ക്കാവുന്നതാണ്. അതിനായി 10-ാം ക്ലാസ്സ് പരീക്ഷ തീരാൻ കാത്തിരിക്കേണ്ടതില്ല. അപേക്ഷകൾ ബഹു. റെക്ടറച്ചന്റെ പേരിൽ അയയ്ക്കുക. അദ്ദേഹത്തിന്റെ വിലാസം: **Rev. Fr. Thomas Kachirayil, Mount Mary College, P. B. No. 1, Mananthavady-670 645.** നിങ്ങൾക്ക് അച്ചനെ ഫോണിലും ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ : 9446892434. അപേക്ഷകൾ വെള്ളക്കടലാസിൽ എഴുതി നിങ്ങളുടെ ഇടവക വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി അയയ്ക്കണം. അതിവിടെ കിട്ടിക്കഴിയുമ്പോൾ വിശദമായ മറ്റൊരു അപേക്ഷാഫോറം അയച്ചുതരും. അത് പിന്നീട് അയച്ചുകൊടുത്താൽ മതി. സ്കൂൾ അടച്ചു കഴിയുമ്പോൾ ദൈവവിളി ക്യാമ്പും മറ്റും ഉണ്ടാകും. അതിലും നിങ്ങൾ പങ്കെടുക്കണം.

പ്ലസ് ടു ഉൾപ്പെടെ 3 വർഷം മൈനർ സെമിനാരി, അതിനുശേഷം 3 വർഷം ഡിഗ്രി പഠനം, പിന്നീട് 2 വർഷം മേജർ സെമിനാരിയിൽ തത്വശാസ്ത്ര പഠനം, തുടർന്ന് 2 വർഷം പുറത്തു പോയി ജോലി ചെയ്യുകയും അതോടൊപ്പം പഠിക്കുകയും ചെയ്ത് ബിരുദാനന്തര ബിരുദം, അതിനുശേഷം 4 വർഷം ദൈവശാസ്ത്രപഠനം എന്നിങ്ങനെയാണ് നമ്മുടെ രൂപതയിൽ വൈദിക പരിശീലന പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ഈ വർഷം മാനന്തവാടി രൂപതയ്ക്കായി രൂപതാ മൈനർ സെമിനാരിയിൽ 35 കുട്ടികളാണുള്ളത്. അതിൽ 25 പേർ 1-ാം വർഷക്കാരും 4 പേർ 2-ാം വർഷക്കാരും, 6 പേർ 3-ാം വർഷക്കാരുമാണ്. ആലുവ, കോട്ടയം, കുന്നോത്ത്, തൃശൂർ, പൂന, ഏലൂർ, കൽക്കട്ട, റോം എന്നിവിടങ്ങളിലായി 36 പേർ മേജർ സെമിനാരി പഠനം നടത്തുന്നു. 16 പേർ സെമിനാരിയിലല്ലാതെ ബിരുദാനന്തര ബിരുദ പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

മുൻകാലങ്ങളിൽ സെമിനാരിയിലെ ചെലവുകൾ വഹിച്ചിരുന്നത് ചില വിദേശ ഏജൻസികളുടെ സഹായത്താലായിരുന്നു. എന്നാൽ

ആഗോള സാമ്പത്തിക മാന്ദ്യവും മറ്റും മൂലം ഈ ഏജൻസികൾക്ക് കിട്ടുന്ന സംഭാവനകൾ വളരെയേറെ കുറഞ്ഞുപോയി. അതിനാൽ അവർ തരുന്ന തുക കൊണ്ടു മാത്രം കുട്ടികളുടെ ചെലവുകൾ നടക്കുകയില്ല. പ്രാദേശികമായി നാം പണം കണ്ടെത്തിയേ മതിയാവൂ. മൈനർ സെമിനാരിയിൽ ഒരു കുട്ടിക്ക് പ്രതിവർഷം ഏകദേശം 45,000 രൂപയും മേജർ സെമിനാരിയിൽ ഏകദേശം 42,000 രൂപയും ചിലവാകുന്നു. അങ്ങനെ ഒരു വർഷം നമുക്കാവശ്യം 3087000 രൂപയാണ്. ഏതാനും വ്യക്തികൾ ഇപ്പോൾ തന്നെ കുട്ടികളുടെ ചിലവിലേക്ക് സംഭാവനകൾ തരുന്നുണ്ട്. അതുപോലെ ഏതാനും ചില സന്യാസിനീ സമൂഹങ്ങളും ഇടവകകളും അങ്ങനെ ചെയ്യുന്നുണ്ട്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ അവർ തരുന്നതുകൊണ്ട് ഭാഗികമായി മാത്രമേ ചെലവുകൾ നടത്താൻ കഴിയുന്നുള്ളൂ എന്നതുകൊണ്ട് നാം ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ഉദാരമതികളാകേണ്ടിയിരിക്കുന്നു. കഴിഞ്ഞ വർഷം മൊത്തം നമുക്ക് സെമിനാരി വിദ്യാർത്ഥികൾക്കായി ചെലവായത് 1800000 രൂപയാണ്.

പല വേദികളിലും ചർച്ച ചെയ്ത് നമ്മളെടുത്ത തീരുമാനം വൈദിക വിദ്യാർത്ഥികളുടെ പരിശീലന ചിലവ് ഇടവകകൾ പങ്കുവയ്ക്കുക എന്നതാണ്. ചില ഇടവകകൾ ഇപ്പോൾത്തന്നെ ഒരു കുട്ടിക്ക് ആവശ്യമായ തുക സമാഹരിച്ച് ഓരോ വർഷവും തരുന്നുണ്ട് എന്നു സൂചിപ്പിച്ചല്ലോ. അങ്ങനെ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തുക കിട്ടത്തക്കവിധം എല്ലാ ഇടവകകളും സഹകരിക്കണം എന്നാണ് തീരുമാനം.

ഏതാനും വർഷമായി വൈദിക വിദ്യാർത്ഥികളുടെ പരിശീലന ചെലവിനായി നാം ഒരു പൊതു സംഭാവന സമാഹരണം നടത്തുന്നുണ്ട്. ഈ വർഷം അത് മാർച്ച് മാസം 6-ാം തീയതിയാണ് നടത്തേണ്ടത്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ മുൻകൂട്ടി പള്ളിയിൽ പറയുകയും അന്നേ ദിവസം കിട്ടുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. നിങ്ങൾ കൊടുക്കുന്ന ഓരോ പൈസയും നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകൾ ആകുമെന്നത് നിസ്സംശയമാണ്. നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും

വലിയ അനുഗ്രഹങ്ങൾ അതുവഴി ലഭ്യമാകും. നിങ്ങളുടെ ആദ്ധ്യാത്മിക ആവശ്യങ്ങൾ നിറവേറ്റാൻ ആവശ്യത്തിന് വൈദികർ ഉണ്ടാവുകയും ചെയ്യും. ഉദാരമായി ഏവരും സംഭാവന ചെയ്യുക. കർത്താവിന്റെ കൃപ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2016 ജനുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2016 ഫെബ്രുവരി മാസം 28-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# ഇടയലേഖനം



***Pastoral Letter No. 01/2016***
***Prot. No.18123/2016***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ

**പൊരുന്നേടം മാർ ജോസ് മെത്രാൻ**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിരുനാൾ ആഘോഷിക്കുന്നതിന് ഒരുക്കമായിട്ടുള്ള വലിയ നോമ്പിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. കർത്താവിന്റെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിനുള്ള അച്ചാരം അഥവാ ഉറപ്പാണ്. ദൈവത്തോടൊത്തുള്ള സ്വർഗ്ഗീയജീവിതമാണ് ഉയിർപ്പിന്റെ ജീവിതമെന്ന് അറിയപ്പെടുന്നത്. അതിനുള്ള മാർഗ്ഗമാണ് ശരിയായ ക്രൈസ്തവജീവിതം. ക്രൈസ്തവജീവിതം ഉയിർപ്പിന്റെ ജീവിതത്തിന്റെ മുന്നാസ്വാദനമാണെന്ന് വി. പൗലോസ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു (റോമാ 6). ക്രൈസ്തവജീവിതമെന്നാൽ ക്രിസ്തു ജീവിച്ചപോലെയുള്ള ജീവിതം എന്നാണർത്ഥം. അവിടുത്തെ ജീവിതം എങ്ങനെയാണ് ക്രൈസ്തവജീവിതം ജീവിയ്ക്കേണ്ടത് എന്ന് നമ്മെ പഠിപ്പിക്കുന്നു. അതിന് ആദ്യമായി നമ്മൾ ചെയ്യേണ്ടത് നമുക്ക് നഷ്ടപ്പെട്ട ദൈവത്തിന്റെ ഛായയും സാദൃശ്യവും നമ്മൾ വീണ്ടെടുക്കുകയാണ്.

പരിപൂർണ്ണ സ്നേഹത്തിന്റെ മൂർത്തീഭാവമായ ത്രീയേകദൈവത്തിലുള്ള ആ സ്നേഹഭാവത്തിന്റെ അംശം നമുക്കും അവിടുന്ന് തന്നിട്ടുണ്ട്. അതാണ് നമ്മിലുള്ള ദൈവത്തിന്റെ ഛായയും സാദൃശ്യവും. വേണമെങ്കിൽ നമുക്കും പിതാവും പുത്രനും പരിശുദ്ധാത്മാവും പരിപൂർണ്ണ സ്നേഹത്തിൽ വസിക്കുന്നതുപോലെ ജീവിക്കാൻകഴിയും. നമ്മുടെ പാപങ്ങളെപ്പറ്റി അഥവാ നമ്മളിലുള്ള ദൈവവിരുദ്ധഭാവങ്ങളെ

പ്പറ്റി നമ്മൾ പശ്ചാത്തപിച്ച് ദൈവത്തിങ്കലേയ്ക്ക് തിരികെ വരുമ്പോഴാണ് നമ്മൾ നമ്മിലുള്ള ദൈവത്തിന്റെ ഛായയും സാദൃശ്യവും വീണ്ടെടുക്കുന്നത്. ഇത്തരുണത്തിൽ വി. പൗലോസ് ശ്ലീഹാ ഗലാത്തിയായിലെ സഭകൾക്ക് കൊടുക്കുന്ന ഉപദേശം നമുക്കും ബാധകമാണ്. *നിങ്ങളോട് ഞാൻ പറയുന്നു: ആത്മാവിന്റെ പ്രേരണയനുസരിച്ച് വ്യാപരിയ്ക്കുവിൻ. ജഡമോഹങ്ങളെ ഒരിക്കലും നിങ്ങൾ തൃപ്തിപ്പെടുത്തരുത്. എന്തെന്നാൽ ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്. ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്. അവ പരസ്പരം എതിർക്കുന്നത് നിമിത്തം ആഗ്രഹിക്കുന്നത് പ്രവർത്തിക്കാൻ നിങ്ങൾക്ക് സാധിക്കാതെ വരുന്നു. ആത്മാവ് നിങ്ങളെ നയിക്കുന്നെങ്കിൽ നിങ്ങൾ നിയമത്തിന് കീഴല്ല. ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം: അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം, ഇവയും ഈദൃശമായ മറ്റ് പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർ സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുകയില്ല എന്ന് മുമ്പ് ഞാൻ നിങ്ങൾക്ക് നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു* (ഗലാ. 5:16-21). നോമ്പുകാലം ഇവയിൽ നിന്നെല്ലാം മോചനം പ്രാപിക്കാനും അങ്ങനെ മോചനം പ്രാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി നമ്മെ ബോധവൽക്കരിക്കാനും പ്രത്യേകമായി ഒരുക്കപ്പെട്ടിട്ടുള്ള കാലഘട്ടമാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് പാപത്തിലൂടെ അത് ഏത് നിമിഷവും നഷ്ടപ്പെടാം. കാരണം ആദിമാതാപിതാക്കളുടെ പാപം മൂലം നമ്മുടെ പ്രകൃതിയും പാപത്തിലേയ്ക്ക് തിരിഞ്ഞിരിക്കുന്നു. വേണമെങ്കിൽ അതിനെ വീണ്ടെടുത്ത് ദൈവപുത്ര സ്ഥാനത്തിന് വീണ്ടും അർഹരാകാം എന്ന് നോമ്പുകാലം നമ്മെ ഓർമ്മപ്പെടുത്തുന്നു.

പശ്ചാത്താപത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും അടയാളമായി നെറ്റിയിൽ കരികൊണ്ട് കുരിശ് വരച്ചുകൊണ്ടാണ് നാം നോമ്പാരംഭിച്ചത്. തലയിൽ ചാരം പൂശുന്നതും ചാക്ക് വസ്ത്രം ധരിക്കുന്നതും പശ്ചാത്താപത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും അടയാളമായിട്ട് ഇസ്രായേൽക്കാർ കരുതിയിരുന്നു. ആ പാരമ്പര്യത്തിന്റെ തുടർച്ചയാണ് നമ്മുടെ കുരിശുവരപ്പെരുന്നാളും. കേരളത്തിൽ മൂന്ന് റീത്തുകളിൽപെട്ട കത്തോലിക്കരുണ്ടല്ലോ. ഓരോ റീത്തിലും തനതായ രീതിയിലാണ് നോമ്പ് തുടങ്ങുന്നതും നോമ്പിന്റെ ദിവസങ്ങൾ എണ്ണുന്നതും. അങ്ങനെയാണ് സീറോ മലബാർസഭയിൽ തിങ്കളാഴ്ചയും ലത്തീൻസഭയിൽ ബുധനാഴ്ചയും നോമ്പ് ആരംഭിക്കുന്ന രീതി വന്നത്. കുരിശുവര

പ്പെരുന്നാൾ ആചരിക്കാത്ത കത്തോലിക്കാസഭകളും ഉണ്ടെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അതായത് കുരിശുവരയ്ക്കുക എന്നത് അതിൽതന്നെ പ്രാധാന്യമുള്ള കാര്യമല്ല. കാരണം നോമ്പ് തുടങ്ങുന്ന തിന്റെ ഒരു പ്രതീകം മാത്രമാണത്.

ഈ വ്യത്യാസങ്ങൾക്കെല്ലാം തനതായ ദൈവശാസ്ത്ര വ്യാഖ്യാനങ്ങളും ഉണ്ട്. കുരിശുവരപോലെയുള്ള പ്രതീകങ്ങൾ ദൈവശാസ്ത്ര വ്യാഖ്യാനങ്ങളിലൂടെയാണ് പ്രസക്തമാകുന്നത്. ഏതാനും വർഷങ്ങൾക്ക് മുമ്പുവരെ നമ്മുടെ സഭയിലും ബുധനാഴ്ചയാണ് കുരിശുവര നടത്തിയിരുന്നത് എന്ന കാര്യം മുതിർന്നവർ ഓർക്കുന്നുണ്ടാകും. പതിനാറാം നൂറ്റാണ്ടിൽ നടന്ന ഉദയംപേരൂർ സൂനഹദോസിന് ശേഷമാണ് പാശ്ചാത്യ കത്തോലിയ്ക്കരെപ്പോലെ ബുധനാഴ്ച കുരിശുവരയ്ക്കുന്ന ഈ ആചാരം നമ്മളും സ്വീകരിച്ച് നടപ്പാക്കിയത്. എന്നാൽ നമ്മുടെ സഭയിൽ നോമ്പ് തുടങ്ങുന്നത് തിങ്കളാഴ്ച തന്നെയായി തുടർന്ന് പോന്നു. അപ്പോൾ ആ ദിവസം തന്നെ പശ്ചാത്താപത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും പ്രതീകമായ കുരിശുവരയും നടത്തുന്നതാണല്ലോ നല്ലത് എന്ന ചിന്തയിലാണ് ഇപ്പോൾ നമ്മൾ തിങ്കളാഴ്ച ആ തിരുക്കർമ്മം നടത്തുന്നത്. അതേ സമയം ലത്തീൻസഭയിൽ നോമ്പ് തുടങ്ങുന്നത് ബുധനാഴ്ചയാകയാൽ അവർ അന്ന് കുരിശുവര നടത്തുന്നു.

നോമ്പെടുക്കുക എന്ന് പറയുമ്പോൾ നമ്മുടെ മനസ്സിലേയ്ക്ക് ഓടിയെത്തുന്ന കുറേ അനുഷ്ഠാനങ്ങളുണ്ട്. ഭക്ഷണപാനീയങ്ങളിലുള്ള നിയന്ത്രണം അഥവാ ഉപവാസം അതിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു. എന്തിനാണ് നമ്മൾ ഉപവസിക്കുന്നത്? നമ്മുടെ മനസ്സിനെയും ശരീരത്തേയും നമ്മുടെ നിയന്ത്രണത്തിൽ കൊണ്ടുവരാനും ഭക്ഷണപാനീയ നിയന്ത്രണങ്ങളിലൂടെ മിച്ചം വരുന്നവ ഇല്ലാത്തവരുമായി പങ്കുവയ്ക്കാനും ഉപവാസം നമ്മെ സഹായിക്കുന്നു. ശരീരവും മനസ്സും എപ്പോഴും ഈലോകസുഖങ്ങളുടെ പിന്നാലെ പോകാനാണ് താത്പര്യപ്പെടുന്നത് എന്നത് നമ്മുടെ അനുഭവമാണ്. നമ്മുടെ കർത്താവിന്റെ കാര്യത്തിൽപോലും ഇത് ശരിയായിരുന്നു. നാൽപത് ദിവസം ഉപവസിച്ചിട്ട് മരുഭൂമിയിൽനിന്ന് ഇറങ്ങിവന്ന അവിടുത്തേയ്ക്ക് ഉണ്ടായ ആദ്യ പ്രലോഭനം തന്നെ ഭക്ഷണവുമായി ബന്ധപ്പെട്ടതായിരുന്നു. അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുന്ന ഓരോ വചനം കൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത് (മത്തായി 4:4) എന്ന അവിടുത്തെ വചനം നമ്മെ ഒരു കാര്യം ഓർമ്മപ്പെടുത്തുന്നു: ശരീരത്തിന് മാത്രം ഭക്ഷണം കൊടുത്താൽപോരാ, ആത്മാവിനും കൊടു

ക്കണം. ആത്മാവിന്റെ ഭക്ഷണം ദൈവവചനമാണ്. ഇവിടെ ദൈവവചന മെന്ന് വിവക്ഷിക്കുന്നത് ദൈവത്തിന്റെ വചനമനുസരിച്ചുള്ള ജീവിത മാണ്. ദൈവപ്രമാണങ്ങൾ പിൻചെല്ലാനുള്ള മനോഭാവത്തെയാണ് അത് സൂചിപ്പിക്കുന്നത്. നിയമാവർത്തന പുസ്തകത്തിൽ നിന്നാണ് കർത്താവ് ഉദ്ധരിച്ചത്: അവിടെ നാം ഇപ്രകാരം വായിക്കുന്നു: *നിങ്ങളുടെ ദൈവ മായ കർത്താവ് നിങ്ങളെ എളിമപ്പെടുത്താനും തന്റെ കല്പനകൾ അനു സരിക്കുമോ ഇല്ലയോ എന്നറിയാൻ നിങ്ങളെ പരീക്ഷിച്ച് നിങ്ങളുടെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കാനും വേണ്ടി ഈ നാൽപ്പത് സംവത്സരം മരുഭൂമിയിലൂടെ നിങ്ങളെ നയിച്ച വഴിയെല്ലാം നിങ്ങൾ ഓർക്കണം. അവി ടുന്ന് നിങ്ങളെ എളിമപ്പെടുത്തുകയും വിശപ്പറിയാൻ വിടുകയും നിങ്ങൾക്കും നിങ്ങളുടെ പിതാക്കന്മാർക്കും അപരിചിതമായിരുന്ന മന്നാ കൊണ്ട് നിങ്ങളെ സംതൃപ്തരാക്കുകയും ചെയ്തത്, അപ്പം കൊണ്ട് മാത്രമല്ല, കർത്താവിന്റെ നാവിൽനിന്ന് പുറപ്പെടുന്ന ഓരോ വാക്കു കൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാക്കി തരാൻവേണ്ടിയാണ്* (നിയമാ. 8:2-3).

ദൈവത്തെ സ്നേഹിക്കുന്നത് അവിടുത്തെ കല്പനകൾ പാലിച്ച് കൊണ്ടാണ്. കർത്താവ് പറയുന്നു. *ഞാൻ എന്റെ പിതാവിന്റെ കല്പന കൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നില നിൽക്കും* (യോഹ. 15:10). അവിടുത്തെ കല്പനകൾ പത്ത് പ്രമാണങ്ങ ളുടെ സംഗ്രഹരൂപത്തിൽ നമുക്ക് തന്നിട്ടുണ്ട്. *നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടി സ്നേഹിക്കുക. രണ്ടാമത്തെ കല്പന: നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക. ഇവയേക്കാൾ വലിയ കല്പനയൊന്നുമില്ല.* (മർക്കോസ് 12:30-31) *കർത്താവേ എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല എന്റെ സ്വർഗ്ഗ സ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക എന്ന് കർത്താവ് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം നമ്മെ ഓർമ്മപ്പെടുത്തുന്നു* (മത്താ. 7:21).

*എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരാൾക്ക് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്* (മത്താ. 25:40) എന്ന് പറയുന്നതിലൂടെ കർത്താവ് നമ്മളെ ഓർമ്മപ്പെടുത്തുന്നത് കർത്താവിനെ സ്നേഹിക്കുക എന്നാൽ നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കുക എന്നാണെന്നാണ്. വി. പൗലോസിന്റെ വാക്കുകളിൽ സഭ ക്രിസ്തുവിന്റെ ശരീരമാണ്. അവിടുന്ന് അതിന്റെ ശിരസ്സും നമ്മൾ

അവയവങ്ങളുമാണ് (എഫേ. 5:30). അപ്പോൾ സ്നേഹം തലയോട് മാത്രം പോരല്ലോ. ശരീരത്തെ മുഴുവനായും, അതിലെ ഓരോ അവയവത്തേയും സ്നേഹിക്കണം. പൗലോസായി മാറിയ സാവൂളിനോട് ഡമാസ്കസ് പട്ടണത്തിന്റെ വാതിൽക്കൽവച്ച് കർത്താവ് അശരീരിയായി ചോദിക്കുന്ന ഒരു വാചകമുണ്ട്. *സാവൂൾ, സാവൂൾ നീ എന്നെ പീഢിപ്പിക്കുന്നത് എന്തുകൊണ്ട്?* (നട.22:7). സാവൂൾ പീഢിപ്പിച്ചത് മനുഷ്യനായി ജീവിച്ച യേശുവിനെയായിരുന്നില്ല. പ്രത്യുത അവിടുത്തെ അനുയായികളെയായിരുന്നു. തന്റെ അനുയായികളുമായി യേശു താദാത്മ്യം പ്രാപിക്കുകയാണ്. അതേ, സഹോദരങ്ങളെ നമ്മൾ നമ്മുടെ സഹോദരങ്ങളെ പരിഗണിക്കാതിരിക്കുമ്പോൾ കർത്താവിനെതന്നെയാണ് പരിഗണിക്കാതിരിക്കുന്നത്. നമ്മൾ നമ്മുടെ സഹോദരങ്ങളെ പീഢിപ്പിക്കുമ്പോൾ കർത്താവിനെത്തന്നെയാണ് പീഢിപ്പിക്കുന്നത്. കർത്താവിന്റെ കൽപനകൾ അനുസരിച്ചുള്ള ജീവിതം എന്നത് നമ്മുടെ സഹോദരങ്ങളുമായി രമ്യതയിലും സാഹോദര്യത്തിലും ജീവിക്കുകയും നമുക്കുള്ളത്,  അത് നമ്മുടെ സമയം, നമ്മുടെ കഴിവുകൾ, നമ്മുടെ സമ്പത്ത് എല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുന്നതാണ്. ഈയടുത്ത കാലത്ത് ജർമ്മനിയിൽനിന്ന് വന്ന വളരെ സാധാരണക്കാരനായ ഒരു അൽമായ സഹോദരൻ എന്നോട് ഇപ്രകാരം ചോദിക്കുകയുണ്ടായി. *ഇവിടെയുള്ളവരുടെ വീടുകളും വാഹനങ്ങളും ഞങ്ങൾക്കുള്ളതിലും എത്രയോ ആഡംഭരപൂർണ്ണവും മെച്ചപ്പെട്ടതുമാണ്. അതിനർത്ഥം നിങ്ങൾക്ക് ആവശ്യത്തിലേറെ പണം ഉണ്ടെന്നല്ലേ. എന്നിട്ടും നിങ്ങളെന്തേ ഞങ്ങളുടെ നാട്ടിൽവന്ന് നിങ്ങളുടെ അനാഥാലയങ്ങൾക്കും വൃദ്ധമന്ദിരങ്ങൾക്കും മറ്റും പണം ചോദിക്കുന്നു? എന്നിട്ട് അദ്ദേഹം തന്നെ കൂട്ടിച്ചേർത്തു. ഉള്ളതിന്റെ ഓഹരി പങ്കുവയ്ക്കുക എന്ന ക്രൈസ്തവതത്വം നിങ്ങൾ ഒരുപക്ഷേ സ്വാംശീകരിച്ചിട്ടുണ്ടാകില്ല, അല്ലേ.* ദൈവകൃപകൊണ്ട് നമ്മുടെ മിക്കകുടുംബങ്ങളും സാമാന്യം ഭേദപ്പെട്ട നിലയിൽതന്നെയാണ് ജീവിക്കുന്നത്. അതിൽനിന്ന് ഒരു ഭാഗം ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ തയ്യാറാകുമ്പോളാണ് നമ്മുടെ ഉപവാസവും നോമ്പും അർത്ഥവത്താകുന്നത്.

പങ്കുവയ്ക്കൽ സമ്പത്തിന്റെ കാര്യത്തിൽ പോരാ. മറ്റ് കഴിവുകളും സമയവും പ്രാർത്ഥനയും എല്ലാം പങ്കുവയ്ക്കണം. പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്ന ജോലിയിൽനിന്ന് റിട്ടയർചെയ്തവരും മക്കൾ നല്ല നിലയിൽ എത്തിയവരും ആയവർക്ക് സഭയിലും സമൂഹത്തിലും എന്തുമാത്രം സന്നദ്ധസേവനം ചെയ്യാൻപറ്റും? ഡോക്ടർമാർക്ക് സൗജന്യമായി ചികിത്സാവിധികൾ നിർദ്ദേശിച്ച് കൊടുക്കാം, എൻജി

നീയർമാർക്ക് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ വീടുകൾ ഡിസൈൻ ചെയ്തുകൊടുക്കാം. അധ്യാപകർക്ക് സൗജന്യമായി തങ്ങളുടെ ചുറ്റുപാടുമുള്ള കുട്ടികൾക്ക് ട്യൂഷൻകൊടുക്കാം, വക്കീലന്മാർക്ക് സൗജന്യ നിയമസഹായം കൊടുക്കാം, ബിസിനസ്സുകാർക്ക് അവരുടെ സ്വാധീനം ഉപയോഗിച്ച് മറ്റ് ബിസിനസ്സുകാരിൽ നിന്ന് സാധനങ്ങളും പണവും സംഭരിച്ച് നിർദ്ധനർക്ക് കൊടുക്കാം, വലിയ കൃഷിക്കാർക്ക് സാധാരണക്കാരായ കൃഷിക്കാർക്ക് ആവശ്യമായ കാർഷിക അറിവ് പറഞ്ഞ് കൊടുക്കാം, രാഷ്ട്രീയ ഉദ്യോഗസ്ഥാനങ്ങളിൽ സ്വാധീനമുള്ളവർക്ക് നമ്മുടെ സമൂഹത്തിന്റേയും വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പല പ്രശ്നങ്ങളും തീർത്ത് കൊടുക്കാം, അങ്ങനെ ഒരുപാട് കാര്യങ്ങൾ ചെയ്യാം. ഇവ വ്യക്തികൾക്ക് മാത്രമല്ല ചെയ്തു കൊടുക്കാവുന്നത്, നമ്മുടെ ബാലഭവനങ്ങൾ, വൃദ്ധമന്ദിരങ്ങൾ, വിദ്യാലയങ്ങൾ, ആതുരശുശ്രൂഷാലയങ്ങൾ തുടങ്ങിയവയ്ക്കെല്ലാം ചെയ്തു കൊടുക്കാം.


ഇത്തരുണത്തിൽ ഏശയ്യാ പ്രവാചകന്റെ വാക്കുകളും പ്രത്യേകം നമ്മുടെ ശ്രദ്ധയ്ക്ക് വിഷയീഭവിക്കേണ്ടതാണ്. *നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല. ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേയ്ക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം? ഞാങ്ങണപോലെ തല കുനിക്കുന്നതും ചാക്ക് വിരിച്ച് ചാരവും വിതറി കിടക്കുന്നതും ആണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിന് സ്വീകാര്യമായ ദിവസം എന്നും വിളിക്കുന്നത്? ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുന്നതും നുകത്തിന്റെ കയറുകൾ അഴിക്കുന്നതും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞ് മാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?* (ഏശ. 58:4.7). അതേ, എന്താണ് ഉപവാസത്തിന്റെ പൊരുൾ എന്ന് നമ്മൾ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

ശ്ലീഹന്മാരുടെ വചനപ്രഘോഷണം ശ്രവിച്ചവരെപറ്റി നാം നടപടി പുസ്തകത്തിൽ ഇപ്രകാരം വായിക്കുന്നു. *ഇത് കേട്ടപ്പോൾ അവർ ഹൃദയം നുറുങ്ങി പത്രോസിനോടും മറ്റ് അപ്പസ്തോലന്മാരോടും ചോദിച്ചു: സഹോദരന്മാരേ, ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ.* (നടപടി 2:37). *നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്, നിങ്ങളുടെ ദൈവമായ കർത്താ*

*വിങ്കലേയ്ക്ക് മടങ്ങുവിൻ* (ജോയേൽ 2, 13) എന്നാണ് ജോയേൽ പ്രവാചകനിലൂടെ ദൈവം അരുളിചെയ്തിരിക്കുന്നത് ഈ പശ്ചാത്താപം തന്നെയാണ് നമുക്കും ആവശ്യം. ഹൃദയം നുറുങ്ങിയ അവസ്ഥ യിൽമാത്രമേ അതുണ്ടാകുകയുള്ളു. നമുക്ക് ചുറ്റുമുള്ള ലോകത്തിന്റെ അവസ്ഥയിൽ നമ്മുടെ ഹൃദയം നുറുങ്ങണം. ആ അവസ്ഥയിൽ നമുക്കുള്ള പങ്കിനെ ഓർത്ത് നമ്മുക്ക് പശ്ചാത്താപം ഉണ്ടാകണം. അപ്പോൾ നമ്മളിലും നമുക്ക് ചുറ്റുമുള്ളവരിലും മാറ്റങ്ങൾ ഉണ്ടാക്കാൻ പ്രേരണയുണ്ടാകും.

ഈ നോമ്പുകാലം ഏതാനും ഒരു നേരങ്ങളിലും മാംസവർജ്ജ നത്തിലും കുരിശിന്റെ വഴികളിലും തീർത്ഥാടനങ്ങളിലും ഒതുങ്ങിപ്പോ കാതെ യഥാർത്ഥമായ ആദ്ധ്യാത്മികതയിൽ നമ്മെ എത്തിക്കട്ടെ. അങ്ങനെ കർത്താവ് പൂർത്തീകരിച്ച രക്ഷാകരദൗത്യം നമ്മളിലൂടെ ഇന്നുള്ളവർക്കും അനുഭവവേദ്യമാകട്ടെ. അത് നാം നിർവ്വഹിക്കുമ്പോൾ നമ്മുടെ നോമ്പുകാലം സാർത്ഥകമാകും. അങ്ങനെ കിട്ടുന്ന സന്തോഷമാണ് ഈ ലോകത്തിൽ ഉയിർപ്പിന്റെ സന്തോഷം. അതിനുള്ള ശക്തി ഈ നോമ്പുകാലത്തിലൂടെ നമുക്ക് സംഭരിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2016 ഫെബ്രുവരി മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2016 മാർച്ച് മാസം 6-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# ഇടയലേഖനം



*Pastoral Letter No. 02/2016*
*Prot. No.18121/2016*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ

**പൊരുന്നേടം മാർ ജോസ് മെത്രാൻ**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ പെസഹാ വ്യാഴാഴ്ചത്തെ കാലുകഴുകൽ ശുശ്രൂഷയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ കൂടെ സ്ത്രീകളും ഉണ്ടാകാം എന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചതായി നിങ്ങൾ മാദ്ധ്യമങ്ങളിലൂടെ അറിഞ്ഞ് കാണും. ഇക്കാര്യത്തിൽ ചില വിശദീകരണങ്ങൾ തരാനും ഇത് സംബന്ധമായി നമ്മുടെ രൂപതയിൽ അനുവർത്തിക്കേണ്ട ക്രമത്തേപ്പറ്റി സൂചിപ്പിക്കാനുമാണ് ഞാനിത് എഴുതുന്നത്.

പെസഹാവ്യാഴാഴ്ചത്തെ വിശുദ്ധ കുർബാന മദ്ധ്യേ നടത്തപ്പെടുന്ന ഒരു ചടങ്ങാണല്ലോ കാലുകഴുകൽ ശുശ്രൂഷ. തന്റെ ശിഷ്യന്മാർ സഹജീവികളോട് ഏത് തരത്തിലുള്ള ഒരു മനോഭാവം അഥവാ സമീപനരീതി സ്വീകരിക്കണം എന്ന് സ്വന്തം മാതൃകയിലൂടെ നമ്മുടെ കർത്താവ് കാണിച്ചു കൊടുത്തതിന്റെ ഓർമ്മയാചരണമാണ് കാലുകഴുകൽ ശുശ്രൂഷ. ആധുനിക കാലത്ത് ഈ ശുശ്രൂഷയുടെ അർത്ഥം പൂർണ്ണമായി വെളിവാക്കാൻ എന്തു ചെയ്യണം എന്ന പരിചിന്തനത്തിൽ നിന്നാണ് ഇക്കാര്യത്തിൽ പരിശുദ്ധപിതാവ് ചില നിഗമനങ്ങളിൽ എത്തിച്ചേർന്നത്.

പരമ്പരാഗതമായി പന്ത്രണ്ട് പുരുഷന്മാരുടെ കാലുകൾ മാത്രമാണ് കഴുകപ്പെട്ടിരുന്നത്. ഇക്കാര്യത്തിലാണ് ഒരു പുനർവിചിന്തനം പരിശുദ്ധപിതാവ് നടത്തിയിരിക്കുന്നത്. ഇതിനദ്ദേഹത്തെ പ്രേരിപ്പിച്ച സംഗതി എന്താണെന്ന് അദ്ദേഹം ദൈവാരാധനയ്ക്കും കൂദാശകളുടെ

ശിക്ഷണത്തിനും വേണ്ടിയുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ തലവനായ കർദ്ദിനാൾ റോബർട്ട് സാറായ്ക്ക് നൽകിയ കത്തിൽ സൂചിപ്പിക്കുന്നുണ്ട്. അതിപ്രകാരമാണ് *"എന്റെ ഉദ്ദേശം നടപടികൾ മെച്ചപ്പെടുത്തുന്നതിനാണ്. തന്നെത്തന്നെ ലോകത്തിന്റെ രക്ഷയ്ക്ക് വേണ്ടി നൽകുന്ന അവിടുത്തെ അതിരില്ലാത്ത സ്നേഹം പൂർണ്ണമായി പ്രകടിപ്പിക്കുന്നതിന് യേശു സെഹിയോൻ മാളികമുറിയിൽ നിർവ്വഹിച്ച അവിടുത്തെ ഇംഗിതപ്രകടനത്തിന്റെ പ്രസക്തി പൂർണ്ണമായി പ്രകടിപ്പിക്കുന്നതിന് വേണ്ടിയാണിത്.... അതുകൊണ്ട് പാദക്ഷാളനം സ്വീകരിക്കുന്ന അർത്ഥികൾ പുരുഷന്മാരോ ആൺകുട്ടികളോ ആയിരിക്കണമെന്ന ശുശ്രൂഷാ നിർദ്ദേശം ദൈവജനത്തിന്റെ എല്ലാ അംഗങ്ങൾക്കും ഇടയിൽ നിന്നുമാകത്തക്കവണ്ണം ഇപ്പോൾ മുതൽ സഭയുടെ അജപാലകർക്ക് ചടങ്ങിനു വേണ്ടിയുള്ള അർത്ഥികളെ തെരഞ്ഞെടുക്കാൻ കഴിയുമാറ് മാറ്റപ്പെടണമെന്ന് ഞാൻ പ്രഖ്യാപിക്കുന്നു"* (2015 ഡിസംബർ 20–ന് അയച്ച കത്തിൽ നിന്ന്).

മേൽപ്പറഞ്ഞ മാറ്റങ്ങൾ ലത്തീൻ സഭയുടെ ആരാധനാക്രമ ഗ്രന്ഥങ്ങളിൽ വരുത്താനാണ് പരിശുദ്ധപിതാവ് കർദ്ദിനാളിനോട് ആവശ്യപ്പെടുന്നത്. അതിൻപ്രകാരം കർദ്ദിനാൾ സാറാ കൊടുത്ത നിർദ്ദേശങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു. *"അങ്ങനെ (ലത്തീൻസഭയിലെ; എഡിറ്റർ) അജപാലകർക്ക് ദൈവജനത്തിന്റെ ഓരോ ഭാഗത്തിന്റേയും വൈവിദ്ധ്യത്തേയും ഐക്യത്തേയും പ്രതിനിധീകരിക്കുന്നതിന് വിശ്വാസികളുടെ ഒരു ചെറിയ സംഘത്തെ തെരഞ്ഞെടുക്കാം. അങ്ങനെയുള്ള ചെറിയ സംഘങ്ങളിൽ പുരുഷൻമാരും സ്ത്രീകളും ഉൾപ്പെടാം. അവരിൽ യുവജനങ്ങളും വൃദ്ധരും ആരോഗ്യമുള്ളവരും രോഗികളും വൈദികരും സമർപ്പിത സഹോദരീ സഹോദരന്മാരും അൽമായരും ഉൾപ്പെടുന്നതും അനുയോജ്യമാണ്. ദൈവീകാരാധനയ്ക്കും കൂദാശകളുടെ ശിക്ഷണത്തിനും വേണ്ടിയുള്ള കാര്യാലയം പരമാചാര്യൻ അനുവദിച്ച് നൽകിയ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ റോമൻറീത്തിന്റെ ആരാധനാക്രമ പുസ്തകങ്ങളിൽ ഈ പുതുമ നിവേശിപ്പിക്കുന്നു. അതോടൊപ്പം ഈ ചടങ്ങിൽ ബോധപൂർവ്വമായും കർമ്മകുശലരായും ഫലസമ്പൂർണ്ണമായും പങ്കെടുക്കുന്നതിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട വിശ്വാസികളേയും മറ്റുള്ളവരേയും വേണ്ടവണ്ണം ഉത്ബോധിപ്പിക്കാനുള്ള തങ്ങളുടെ ചുമതലയെ അജപാലകരെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു"* (2016 ജനുവരി 6–ന് ദൈവാരാധനയ്ക്കും കൂദാശകളുടെ ശിക്ഷണത്തിനും വേണ്ടിയുള്ള കാര്യാലയം പുറപ്പെടുവിച്ച ഡിക്രിയിൽനിന്ന്).

മേൽപ്പറഞ്ഞ രേഖകളുടെ പഠനത്തിൽനിന്ന് രണ്ട് കാര്യങ്ങൾ

ഉരുത്തിരിയുന്നുണ്ട്. ഒന്നാമതായി മാധ്യമങ്ങൾ അവതരിപ്പിച്ചതുപോലെ സ്ത്രീകളുടെ കാലുകഴുകാൻ പരിശുദ്ധ പിതാവ് അനുവദിച്ചു എന്ന തല്ല ഇപ്പോൾ വരുത്തിയിരിക്കുന്ന മാറ്റത്തിന്റെ കാതൽ. പ്രത്യുത കർത്താവിന്റെ പ്രവൃത്തിയുടെ അർത്ഥം പൂർണ്ണമായി വെളിവാക്കാൻ പറ്റിയ രീതിയിൽ കാലു കഴുകപ്പെടുന്ന ചെറുസംഘത്തിന്റെ ഘടന യിൽ മാറ്റം വരുത്തി എന്നതാണ്. അപ്പസ്തോല സംഘമെന്നോ, പന്ത്ര ണ്ടുപേരുടെ സംഘമെന്നോ പോലും പരി. പിതാവ് ഈ ചെറുസംഘത്തെ വിശേഷിപ്പിക്കുന്നില്ല. മറ്റു വാക്കുകളിൽ ഈ ചെറുസംഘത്തിനല്ല പ്രത്യുത കർത്താവിന്റെ ആ പ്രവർത്തിക്കാണ് പ്രാധാന്യം. അതായത് തന്നെത്തന്നെ ലോകത്തിന്റെ രക്ഷയ്ക്ക് വേണ്ടി നൽകുന്ന കർത്താ വിന്റെ അതിരറ്റ സ്നേഹത്തെ പ്രകടിപ്പിക്കുന്നതാകണം ഈ ശുശ്രൂഷ. ലോകം എന്നത് എല്ലാവരേയും ഉൾക്കൊള്ളുന്നു. അതിൽ സ്ത്രീകളും ഉൾപ്പെടുമല്ലോ. ഇത് കത്തോലിയ്ക്കാ സഭയ്ക്ക് പൊതുവായി അദ്ദേഹം നൽകുന്ന ഒരു പ്രബോധനമായി സ്വീകരിക്കാമെന്ന് തോന്നുന്നു.

രണ്ടാമതായി ഈ മാറ്റങ്ങൾ ഇപ്പോൾ വരുത്തിയിരിക്കുന്നത് റോമൻ അഥവാ ലത്തീൻ സഭയിൽ മാത്രമാണ്. മറ്റ് വാക്കുകളിൽ സീറോമലബാർ സഭ ഉൾപ്പെടെയുള്ള കത്തോലിക്കാ സഭകളിൽ ഈ മാറ്റം വരുത്തുന്നതിനെപ്പറ്റി പരിശുദ്ധപിതാവോ കർദ്ദിനാൾ സാറായോ നിശബ്ദത പാലിക്കുന്നു. അതിന് കാരണമുണ്ട്. പൗരസ്ത്യസഭകളിൽ ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് അതാത് സഭയുടെ നേതൃത്വമാണ്. സീറോമലബാർ സഭയിൽ അത് നമ്മുടെ മേജർ ആർച്ച് ബിഷപ്പും മെത്രാൻ സിനഡുമാണ്.

കാലുകഴുകൽ ശുശ്രൂഷയെ സംബന്ധിച്ച് പരിശുദ്ധ പിതാവ് നൽകിയിട്ടുള്ള ഈ പ്രബോധനം സീറോമലബാർ സഭയിൽ നടപ്പാ ക്കുന്നതിനെ സംബന്ധിച്ച് ഞങ്ങൾ മെത്രാന്മാരുടെ അഭിപ്രായം മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ ജോർജ് ആലഞ്ചേരിപ്പിതാവ് തേടിയിരുന്നു. കിട്ടിയ മറുപടികൾ ഞങ്ങളെ അറിയിക്കുകയും ചെയ്തു. അതേസമയം തന്നെ പൗരസ്ത്യ സഭകളുടെ ഉത്തരവാദിത്വമുള്ള വത്തിക്കാനിലെ പൗരസ്ത്യസഭ കാര്യാലയത്തിന്റെ നിലപാടും അദ്ദേഹം ആരാഞ്ഞിരുന്നു. അതിന് അദ്ദേഹത്തിന് ലഭിച്ച മറുപടിയുടെ പ്രസക്തഭാഗം താഴെക്കൊടുക്കുന്നു: *പരാമർശിത ഡിക്രിയും അതിന് പ്രേരകമായ പരിശുദ്ധ പിതാവിന്റെ കത്തും, പ്രത്യേകമായി റോമൻ റീത്തിനേയും റോമൻ ആരാധനാക്രമ ഗ്രന്ഥത്തേയും മാത്രമേ എടുത്ത്*

*പറയുന്നുള്ളു. അതായത് ഈ മാറ്റം പൗരസ്ത്യ സഭകളുടെ ആരാധനാക്രമ പാരമ്പര്യത്തെക്കുറിച്ചല്ല. (Both the decree and the letter of the Holy Father, which prompted it, mention specifically and "only the Roman rite" and the "Roman Missal." Thus, this change does not concern liturgical practices in the Eastern Churches."* Letter Prot, No. 248/204 dated 28 January 2016). സീറോമലങ്കര സഭാനേതൃത്വത്തിന്റെ അഭിപ്രായവും ഇക്കാര്യത്തിൽ അദ്ദേഹം തേടുകയുണ്ടായി. സീറോ മലങ്കര സഭയിൽ മെത്രാൻ മാത്രമേ കാലുകഴുകൽ ശുശ്രൂഷ നടത്തുന്നുള്ളു എന്നത് ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

മേൽസൂചിപ്പിച്ചതിന്റെയെല്ലാം പശ്ചാത്തലത്തിൽ അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പ് രൂപതാദ്ധ്യക്ഷന്മാർക്ക് കൊടുത്ത നിർദ്ദേശം ഇനിപറയും പ്രകാരമാണ്. *"ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുമ്പോൾ നാളിതുവരെ നമ്മുടെ സഭയിൽ തുടർന്ന് വന്നിരുന്ന പാരമ്പര്യം തൽക്കാലത്തേക്കെങ്കിലും തുടരുന്നതാണ് നല്ലത് എന്നെനിക്ക് തോന്നുന്നു. എന്നാൽ ഇക്കാര്യം സിനഡിൽ ചർച്ച ചെയ്യപ്പെടണം എന്ന് നമ്മിൽ ആർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ ആഗസ്റ്റ് മാസത്തിലെ സമ്മേളനത്തിൽ അപ്രകാരം ചെയ്യാവുന്നതാണ്. വലിയ നോമ്പുകാലം വേഗം വന്നടുക്കുന്നതുകൊണ്ടും നിങ്ങളുടെ രൂപതകളിൽ ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്ത് വൈദികരുടെ പെട്ടെന്നുള്ള വ്യക്തിഗതമായ നടപടികൾ ഇക്കാര്യത്തിൽ ഒഴിവാക്കേണ്ടതുള്ളതുകൊണ്ടുമാണ് ഞാനിപ്പോൾ അടിയന്തിരമായി ഇതെഴുതുന്നത്.* (*Taking into consideration all these facts I think it is better that we also continue at least for the time being the tradition so far followed in our Church. If any of us feel that the matter is to be discussed in the Synod we shall do so in the August session. I write this urgently as the season of Lent is fast approaching and you may have to give necessary instructions in your eparchies, avoiding also any hasty steps by individual priests.* Letter Prot. No. 0151/2016 dated 3 February 2016).

കാലുകഴുകൽ ശുശ്രൂഷയെ സംബന്ധിച്ച് നമ്മുടെ സഭയിലും രൂപതകളിലും ഇപ്പോൾ സ്വീകരിക്കേണ്ട നിലപാട് എന്തായിരിക്കണം എന്ന് മേൽസൂചിപ്പിച്ച രേഖകൾ വ്യക്തമാക്കുന്നുണ്ട് എന്ന് ഞാൻ വിചാരിക്കുന്നു. മാനന്തവാടി രൂപതയിലും ഇക്കാര്യത്തിലുള്ള നിലപാട് വ്യത്യസ്തമല്ല. അതായത് സിനഡിൽ ചർച്ച ചെയ്ത് നമ്മുടെ മേജർ ആർച്ച് ബിഷപ്പ് കൃത്യമായ നിർദ്ദേശങ്ങൾ തരുന്നതുവരെ കാലുകഴുകൽ

ശുശ്രൂഷ ഇതുവരെ നടന്നുവന്നിരുന്ന രീതിയിൽതന്നെ ഇവിടേയും നടത്തേണ്ടതാണ്. ഏവർക്കും ഫലപ്രദവും ദൈവാനുഗ്രഹം നിറഞ്ഞതു മായ നോമ്പുകാലം ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവ രോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2016 ഫെബ്രുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2016 മാർച്ചു മാസം 13-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# സർക്കുലർ

***Circular Letter No. 07/2016***
***Prot. No.18122/2016***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

"വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന ചൊല്ല് വിദ്യാഭ്യാസത്തിന് നാം കൊടുക്കേണ്ട പ്രാധാന്യത്തെയാണല്ലോ സൂചിപ്പിക്കുന്നത്. "ജ്ഞാനം ലഭിക്കുന്നത് സ്വർണ്ണം ലഭിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണെന്ന" (സുഭാ. 16:16) ബൈബിൾ വചനം ഈ സത്യം അടിവരയിട്ട് പറയുന്നു. ഈ ആധുനിക കാലഘട്ടത്തിൽ വിദ്യാഭ്യാസമാണ് രാഷ്ട്രത്തിന്റെയും, സമൂഹത്തിന്റെയും, സഭയുടെയും, കുടുംബത്തിന്റെയും സമ്പത്ത് എന്നതിൽ യാതൊരു സംശയവുമില്ല. ബൗദ്ധീകമായ പരിശീലനത്തെക്കാളും സ്വഭാവ രൂപീകരണത്തെക്കാളും ശ്രേഷ്ഠമായി മറ്റൊന്നുമില്ല എന്ന് വി. ജോൺ ക്രിസോസ്റ്റോം പ്രസ്താവിക്കുന്നു. വിദ്യാഭ്യാസ വിപ്ലവം കേരളത്തിലാരംഭിച്ച സമയത്ത് ക്രൈസ്തവ സമൂഹങ്ങളിൽപ്പെട്ട വ്യക്തികൾ പഠനമികവ് തെളിയിക്കുകയും വിവിധ സർക്കാർ മേഖലകളിൽ ഉദ്യോഗസ്ഥരായി തീരുകയും ചെയ്തിട്ടുണ്ട്. ഒരു കാലഘട്ടത്തിൽ ക്രൈസ്തവ വിദ്യാർത്ഥികളായിരുന്നു സംസ്ഥാന കേന്ദ്രഗവൺമെന്റുകളുടെ മത്സരപരീക്ഷകളിൽ ഉയർന്ന റാങ്കുകൾ നേടിയിരുന്നത്. എന്നാൽ ഇന്ന് സർക്കാർ മേഖലയിൽ ജോലി ലഭിക്കുക എന്നത് ക്രൈസ്തവ വിദ്യാർത്ഥികളെ സംബന്ധിച്ച് പ്രയാസമേറിയ കാര്യമായി തീർന്നിരിക്കുന്നു. സർക്കാർ സർവ്വീസുകളിലേക്കും, പൊതു പരീക്ഷകളിലൂടെ ഉന്നത പഠനത്തിന് പ്രവേശനം ലഭിക്കുന്നതിലും ക്രൈസ്തവ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഇന്ന് വളരെ കുറവ് വന്നിട്ടുണ്ട്. ഈ അവസ്ഥയ്ക്ക് പിന്നിൽ ചില കാരണങ്ങളുണ്ട്. രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ. ഒന്നാമതായി, അക്രൈസ്തവരായ വിദ്യാർത്ഥികൾ കഠിനാദ്ധ്വാനത്തിലൂടെ പ്രശംസനീയ വിജയവും ഉന്നത ഉദ്യോഗങ്ങളും കൈവരിക്കുകയും അതിനുതകുന്ന പരിശീലന

കേന്ദ്രങ്ങൾ അവരുടെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്തു. രണ്ടാമതായി, ക്രൈസ്തവ വിദ്യാർത്ഥികൾ വിദ്യാഭ്യാസ മേഖലയിൽ മികവ് പുലർത്തുന്ന കാര്യത്തിൽ പിന്നോക്കം പോവുകയും വ്യത്യസ്ത മായ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുവാൻ നമുക്ക് സാധി ക്കാതെ വരികയും ചെയ്തു.

നൂതനമായ വിദ്യാഭ്യാസ പരിശീലന രീതികളിലൂടെ മാത്രമേ ഇനിയുള്ള കാലഘട്ടത്തിൽ നമ്മുടെ വിദ്യാർത്ഥികൾക്ക് ഉന്നത പഠന മേഖലയിൽ മികവ് പുലർത്താൻ സാധിക്കുകയുള്ളൂ. കൂടാതെ, ജനസംഖ്യയിലും രാഷ്ട്രീയ ഭരണസംവിധാനത്തിലും ന്യൂനപക്ഷമായ നമുക്ക് വിദ്യാഭ്യാസത്തിലൂടെയല്ലാതെ സമൂഹത്തിലും യുവജനങ്ങ ളിലും കാതലായ മാറ്റങ്ങൾ വരുത്താൻ സാധിക്കുകയില്ല. ഇന്ത്യ 2025 വർഷമാകുമ്പോഴേക്കും ലോകത്തിലെ മികവുറ്റ വിദ്യാഭ്യാസകേന്ദ്രങ്ങ ളിൽ ഒന്നായി മാറുമെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ഇന്ത്യൻ വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും സമുന്നതമായ സ്ഥാനം സിവിൽ സർവ്വീസിനാണ്. ഇരുപത്തഞ്ചോളം വരുന്ന വിവിധ മേഖലകൾ ഉൾക്കൊള്ളുന്നതാണ് ഇന്ത്യൻ സിവിൽ സർവ്വീസ്. നമ്മുടെ ശ്രദ്ധപതി ക്കേണ്ട പ്രധാനപ്പെട്ട ഒരു മേഖലയും ഇതുതന്നെയാണ്.

പുത്തൻ രീതികളിലൂടെ ആധുനിക കാലഘട്ടത്തോട്ട് സംവദി ക്കാനുതകുന്ന രീതിയിൽ രക്ഷയുടെ മാർഗ്ഗം എല്ലാ മനുഷ്യരോടും പ്രഘോഷിക്കുവാനും ജീവൻ പകർന്നുകൊടുക്കുവാനും കഴിയത്തക്ക വിധം സ്വന്തം മാതാവെന്ന നിലയിൽ വിദ്യാഭ്യാസം നൽകുവാനും സഭയ്ക്ക് കടമയുണ്ട് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ പഠിപ്പിക്കുന്നു (GE.3) പതിമൂന്നാം പീയൂസ് മാർപാപ്പയുടെ "ക്രിസ്തീയ വിദ്യാഭ്യാസ" മെന്ന ചാക്രിക ലേഖനത്തിൽ കുടുംബം, സമൂഹം, സഭ എന്നീ സംവിധാനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള ഉത്തരവാ ദിത്വത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. (No.11) ഈ മൂന്ന് സംവിധാനങ്ങ ളിലും സഭയ്ക്ക് വളരെ ഗൗരവപൂർണ്ണമായ കടമയുണ്ടെന്നും മാർപാപ്പ സൂചിപ്പിക്കുന്നു. (No.15)

ഇത്തരം സാഹചര്യത്തിൽ മാനന്തവാടി രൂപത കുട്ടികൾക്ക് വേണ്ടിയുള്ള നൂതന വിദ്യാഭ്യാസ പരിപാടികൾ അടിയന്തര പ്രാധാന്യ ത്തോടെ കാണുകയും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയിലൂടെ അത് നടപ്പിൽ വരുത്താൻ പരിശ്രമിക്കുകയും ചെയ്തുവരുന്നു. LIFE Training എന്നാണ് ഈ പരിശീലന പരിപാടിയ്ക്ക് പേരിട്ടിരിക്കുന്നത്.

LIFE എന്ന വാക്കിന്റെ അർത്ഥം ജീവൻ എന്നാണ്. "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്." (യോഹ. 10:10) എന്ന വി.യോഹന്നാന്റെ സുവിശേഷത്തിലെ തിരുവചനമാണ് ഈ പരിശീലനത്തിന്റെ ആധാരവചനം. LIFE Training ലൂടെ ജീവന്റെ സമൃദ്ധി വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും ഉണ്ടാകാൻ സഹായിക്കുന്നതൊടൊപ്പം ഫ്രാൻസീസ് മാർപാപ്പ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെപ്പറ്റി പറയുന്നതുപോലെ ഈ പരിശീലനപദ്ധതി ജീവനെ സ്നേഹിക്കാൻകൂടി പഠിപ്പിക്കുന്നു.

ആറാം ക്ലാസ് പൂർത്തിയാക്കിയ കുട്ടികൾക്കുവേണ്ടി മാനന്തവാടി രൂപത ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഒരു പൊതുപരീക്ഷ നടത്തുകയും അതിൽനിന്ന് അഭിമുഖത്തിലൂടെ തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്ന ഇരുപത് വിദ്യാർത്ഥികൾക്കാണ് ലൈഫ് ട്രെയിനിങ്ങിലേക്ക് ഓരോ വർഷവും പ്രവേശനം നൽകുന്നത്. കുട്ടികളും അവരുടെ മാതാപിതാക്കളും പരിശീലനത്തിന്റെ നിബന്ധനകൾക്കും നിയമങ്ങൾക്കും വിധേയരായി പ്രവർത്തിക്കേണ്ടതാണ്. കാരണം കുട്ടികൾക്കൊപ്പം കുടുംബം മുഴുവനും പരിശീലനവിധേയമായാൽ മാത്രമേ നാം ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ബൗദ്ധീകമായ പരിശീലനത്തിന് മുൻഗണന കൊടുത്തുകൊണ്ട് ദൈവം ദാനമായി നൽകിയിരിക്കുന്ന ഇതര കഴിവുകളെയും ആത്മീയ ജീവിതത്തെയും പരിപോഷിപ്പിക്കുന്ന രീതിയിലുള്ള സമഗ്ര പരിശീലനമാണ് ലൈഫ് ട്രെയിനിംഗിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിനായി തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് വർഷത്തിൽ അൻപത് ദിവസത്തിൽ കുറയാത്ത, താമസിച്ചുള്ള പരിശീലനമാണ് വിഭാവനം ചെയ്യുന്നത്. ഇന്ത്യക്കകത്തും പുറത്തുമുള്ള ഉന്നത വിദ്യാഭ്യാസ വിദഗ്ദരുമായി സമ്പർക്കത്തിലേർപ്പെടാൻ അവസരം ഉണ്ടായിരിക്കും. പരിശീലനത്തിനാവശ്യമായ തുക വിദ്യാർത്ഥികളുടെ കുടുംബം വഹിക്കേണ്ടതാണ്. സന്മനസ്സുള്ള വ്യക്തികൾ പാവപ്പെട്ട കുട്ടികളുടെ പഠന ചെലവ് വഹിച്ചാൽ അവർക്കുള്ള അവസരം നഷ്ടപ്പെടാതിരിക്കുകയും ചെയ്യും.

ഇപ്രകാരം ഇന്നത്തെ ബൗദ്ധീക ലോകത്തിൽ കുട്ടികൾക്കും യുവജനങ്ങൾക്കും സഭയുടെ പ്രയോജനപ്രദമായ സാന്നിദ്ധ്യം നൽകു

കയും വളർത്തുകയും ചെയ്യുന്നതിൽ പ്രശോഭിക്കണമെന്നുള്ള (GE.13) രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനത്തെ മാനന്തവാടി രൂപത വളരെ ഗൗരവമായി കാണുകയും അത് നിങ്ങളുടെ ആത്മാർത്ഥ മായ പ്രാർത്ഥനയോടും സഹായത്തോടും കൂടെ നടപ്പിൽ വരുത്താൻ പരിശ്രമിക്കുകയും ചെയ്യുന്നു. അതിനാൽ ഇക്കാര്യത്തിൽ ബഹു. വികാ രിയച്ചന്മാരുടെയും സമർപ്പിതരുടെയും ദൈവജനത്തിന്റെയും സഹക രണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബഹു. ലാൽ പൈനുങ്കൽ അച്ചനെ സമീപിക്കുക. (വിലാസം: ഫാ. ലാൽ പൈനുങ്കൽ, പാസ്റ്ററൽ സെന്റർ ദ്വാരക, മാനന്തവാടി 670 645, Mob: 9495065656) കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2016 മാർച്ച് മാസത്തിലെ സൗകര്യപ്രദമായ ഒരു ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 08/2016***
***Prot. No.18464/2016***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ സഹോദരീ സഹോദരന്മാരേ,

നൊവേനകൾ നമ്മുടെ അനുദിന വിശ്വാസജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിട്ടുണ്ടല്ലോ. നമ്മുടെ എല്ലാ ഇടവകകളിലും തന്നെ വിവിധ വിശുദ്ധരേയും ഉണ്ണിയീശോയെയും വിശുദ്ധ കുരിശിനേയും അനുസ്മരിച്ച് നോവേനകൾ ചൊല്ലി നമ്മൾ ദൈവത്തോട് അപേക്ഷിക്കാറുണ്ട്. നമുക്ക് മുമ്പേ വിശ്വാസം വീരോചിതമായി ജീവിച്ച് കടന്ന് ദൈവസന്നിധിയിൽ ആയിരിക്കുന്നവരാണ് വിശുദ്ധർ. അവരിൽ ചിലരെ പ്രത്യേകമായി നമ്മുടെ മാതൃകയായി സഭ പ്രഖ്യാപിക്കുന്നു. അവരെ അനുകരിച്ച് നമ്മളും അതുപോലെ വിശുദ്ധരാകാൻ വേണ്ടിയാണത്. അതുപോലെ അവരുടെ മാദ്ധ്യസ്ഥം തേടി ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാനുള്ള സഹായികളുമാണവർ. ഉണ്ണിയീശോയുടെ നൊവേനയിൽ നമ്മൾ ചെയ്യുന്നത് നമ്മുടെ നാഥനും രക്ഷകനുമായ ഈശോയുടെ ബാല്യത്തിലെ എളിമയുടേയും ലാളിത്യത്തിന്റേയും മാതാപിതാക്കളോടുള്ള വിധേയത്വത്തിന്റേയും എല്ലാം മാതൃക അനുകരിക്കാനുള്ള ശക്തിക്കായി പ്രാർത്ഥിക്കുകയാണ്. വിശുദ്ധ കുരിശിന്റെ കാര്യത്തിലാകട്ടെ അവിടുന്ന് പിതാവിന്റെ കല്പനകൾ അനുസരിച്ച് ആ പിതാവിന്റെ സ്നേഹത്തിൽ നിലനിന്നതുപോലെ നമ്മൾക്കും ദൈവം നമുക്ക് തരുന്ന ജീവിത സാഹചര്യങ്ങളെ പൂർണ്ണ അനുസരണത്തോടെ ജീവിക്കാനുള്ള ശക്തിക്കായി പ്രാർത്ഥിക്കുകയാണ്.

വിശുദ്ധർ നമ്മേപ്പോലെ തന്നെ ഏതെങ്കിലും കുടുംബത്തിൽ ജനിച്ച് വളർന്ന് മരിച്ചവരാണ്. അവർ ദൈവസന്നിധിയിൽ ആയിരിക്കുമ്പോഴും ദൈവസമാനരല്ല. അതുകൊണ്ട് തന്നെ ദൈവത്തിന് മാത്രം അവകാശപ്പെട്ട ആരാധന ഒരിക്കലും നമ്മൾ വിശുദ്ധർക്ക് കൊടുക്കാറില്ല. ഒരുപക്ഷേ അറിവില്ലായ്മകൊണ്ട് അങ്ങനെയൊക്കെ ചെയ്യുന്നവരു

ണ്ടാകാം. വിശുദ്ധരെ നമ്മൾ നമ്മുടെ മാതൃകകളായി വണങ്ങുകയും അവരുടെ മാദ്ധ്യസ്ഥം തേടുകയും മാത്രമാണ് ചെയ്യുന്നത്. അവരുടെ മാദ്ധ്യസ്ഥം തേടുക എന്ന് പറഞ്ഞാൽ നമുക്കുവേണ്ടി ദൈവത്തോട് അപേക്ഷിക്കണമേ എന്ന് പറയുന്നു എന്നാണർത്ഥം. ദൈവികജീവനിൽ പങ്കുകാരായ അവരുടെ പ്രാർത്ഥനകൾ കൂടുതൽ സ്വീകാര്യമാകുന്നു. കാരണം ദൈവത്തോടൊത്തായിരിക്കുന്ന അവർ മാനുഷികമായ എല്ലാ കുറവുകളിൽ നിന്നും വിമുക്തരാണ്. മറ്റ് വാക്കുകളിൽ അവരും ദൈവ ത്തേപ്പോലെ വിശുദ്ധി പ്രാപിച്ചവരാണ്. അത്ഭുതങ്ങൾ പ്രവർത്തിക്കു ന്നത് വിശുദ്ധരല്ല പ്രത്യുത ദൈവമാണ്. ദൈവത്തെ സംബന്ധിച്ച് അവ അത്ഭുതങ്ങളല്ല. അവ നമുക്കാണ് അത്ഭുതങ്ങളായി അനുഭവപ്പെട്ടുന്ന ത്.

നൊവേന പ്രാർത്ഥനകൾ ധാരാളമായി ഉപയോഗിക്കപ്പെടുന്നു ണ്ടെങ്കിലും അവയ്ക്കിടയ്ക്ക് ഐക്യരൂപ്യമില്ല എന്നതൊരു വസ്തുത യാണ്. അതിന്റെ കാരണം സഭയിൽ നിന്ന് അങ്ങനെ ഔദ്യോഗികമായി അവ തയ്യാറാക്കിയിട്ടില്ല എന്നതാണ്. അതുകൊണ്ട് ഒരേ രൂപതയിൽ തന്നെ വിവിധ ഇടവകകളിൽ ഒരേ വിശുദ്ധന് അല്ലെങ്കിൽ വിശുദ്ധയോ ടുള്ള നൊവേന തന്നെ പല രീതിയിലാണ് ചൊല്ലുന്നത്. നമ്മുടെ രൂപത യിലും സ്ഥിതി വ്യത്യസ്തമല്ല. അതിന്റെ കാരണം ഏതെങ്കിലുമൊക്കെ വ്യക്തികൾ അവരുടെ അഭിരുചിക്കനുസരിച്ച് പ്രാർത്ഥനകൾ രചിച്ച് ഉപയോഗത്തിലാക്കി എന്നതാണ്. ഇത് അഭിലഷണീയമായ പ്രവണത യല്ല എന്ന് പറയേണ്ടതില്ലല്ലോ. വിശ്വാസസംബന്ധമായ അബദ്ധങ്ങളിൽ പെടാൻ ഇവ ചിലപ്പോഴെങ്കിലും കാരണമാകുന്നുണ്ട്. ഈ പശ്ചാത്തല ത്തിലാണ് നമ്മുടെ രൂപതയിൽ ഉപയോഗത്തിലിരിക്കുന്ന നൊവേനകൾ എല്ലാം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങളോടെ ഏകീകരിച്ച് ഒറ്റപുസ്ത കമായി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്. അതിന്റെ ഉത്തരവാദിത്വം നമ്മുടെ രൂപതയിലെ ആരാധനാക്രമ കമ്മീഷനെയാണ് ഏൽപ്പിച്ചത്. ഏതാണ്ട് രണ്ട് വർഷം നീണ്ടുനിന്ന പഠനത്തിന്റെയും പരിശ്രമത്തി ന്റെയും ഫലമായി കമ്മീഷന്റെ ജോലി ഇപ്പോൾ ഫലപ്രാപ്തിയിൽ എത്തിയിരിക്കുകയാണ്. കമ്മീഷന് നേതൃത്വം കൊടുക്കുന്ന ബഹുമാന പ്പെട്ട ജിൽസൺ കോക്കണ്ടത്തിൽ അച്ചനും മറ്റ് അംഗങ്ങളും ചേർന്ന് അത്യദ്ധ്വാനം ചെയ്താണ് ആ കൃത്യം പൂർത്തിയാക്കിയത്. അവരുടെ പരിശ്രമത്തിന്റെ ഫലം ഇപ്പോൾ നമ്മുടെ ഉപയോഗത്തിനായി *നൊവേ നകളും പ്രാർത്ഥനകളും* എന്ന പേരിൽ പ്രസിദ്ധം ചെയ്യുന്നതിൽ

എനിക്ക് ഏറെ സന്തോഷമുണ്ട്. ബഹു. ജിൽസൺ അച്ചനേയും കമ്മീഷൻ അംഗങ്ങളേയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. അവരുടെ ആ ഉദ്യമം നമ്മുടെ ആത്മീയ ഉത്കർഷത്തിന് കരാണമാകട്ടെ. നൊവേനകളോടൊപ്പം വിശ്വാസജീവിതത്തിന് ഉപകാരപ്രദമാകുന്ന മറ്റ് ഏതാനും പ്രാർത്ഥനകളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

എല്ലാ നൊവേനകളും എല്ലാ ഇടവകകളിലും ഉപയോഗിക്കുന്നുണ്ടാവുകയില്ല എന്നത് വസ്തുതയാണ്. എങ്കിലും എല്ലാ നൊവേനകളും ഉൾക്കൊള്ളുന്ന ഈ പുസ്തകത്തിന്റെ ഒരു പ്രതിയെങ്കിലും എല്ലാ ഇടവകകളിലും ഉണ്ടാകുന്നത് നല്ലതാണ്. ജനങ്ങളുടെ ഉപയോഗത്തിന് ആവശ്യാനുസരണം ഓരോ നൊവേനയും വെവ്വേറെ തയ്യാറാക്കി കമ്മീഷൻ തന്നെ തരുന്നതാണ്. ആവശ്യമായ പ്രതികളുടെ എണ്ണം അറിയിച്ചാൽ മതി. അതിനുള്ള അറിയിപ്പ് ബഹു. വികാരിയച്ചന്മാരുടെ കയ്യിൽ ഇതിനോടകം എത്തിക്കാണും എന്ന് വിശ്വസിക്കുന്നു.

2016 ഡിസംബർ 1 മുതൽ ഇപ്പോൾ പ്രസാധനം ചെയ്യുന്ന *നൊവേനകളും പ്രാർത്ഥനകളും* എന്ന ഈ പുസ്തകത്തിലേതു പോലെയാണ് നമ്മുടെ ഇടവകകളിൽ നൊവേനകൾ ചൊല്ലേണ്ടത്. ആരംഭത്തിൽ കുറേയെല്ലാം പ്രയാസം ഉണ്ടാകാം. നമ്മൾ ഇതുവരെ ശീലിച്ച് പോന്നതിൽ നിന്ന് വ്യത്യസ്തമായ ഒന്ന് ചൊല്ലാൻ തുടങ്ങുമ്പോൾ ഉണ്ടാകുന്ന പ്രയാസമായി അതിനെ കണ്ടാൽ മതി. കാലക്രമത്തിൽ ഇതും നമുക്ക് ശീലമാകും.

കത്തോലിക്കാ വിശ്വാസ ജീവിതത്തിന്റെ കേന്ദ്രബിന്ദു വിശുദ്ധ കുർബാനയാണ്. അതുകൊണ്ട് വിശുദ്ധ കുർബാനയ്ക്കുള്ള പ്രാധാന്യം ഒരിക്കലും കുറഞ്ഞു പോകരുത്. നൊവേനകൾക്കും മറ്റ് ഭക്താഭ്യാസങ്ങൾക്കും അതിന് ശേഷമേ സ്ഥാനമുള്ളു. അതുപോലെ ത്രിത്വൈക ദൈവത്തിനാണ് നാം ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടത്. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളായ പിതാവും പുത്രനും പരിശുദ്ധാത്മാവും കഴിഞ്ഞേ വിശുദ്ധർക്ക് സ്ഥാനമുള്ളു എന്ന കാര്യവും നമ്മൾ വിസ്മരിക്കാതിരിക്കണം. നമ്മുടെ കർത്താവിന്റെ കാഴ്ചപ്പാടുകൾ സ്വീകരിച്ചതുകൊണ്ടാണ് വിശുദ്ധർക്ക് ജീവിതത്തിലെ പ്രയാസങ്ങളെയും രോഗങ്ങളെയും മറ്റും തരണം ചെയ്യാൻ സാധിച്ചത്. അതിനവർ ഊർജ്ജം സംഭരിച്ചത് പരിശുദ്ധ കുർബാനയിൽ നിന്നാണ്. അത് തന്നെയാണ് നമ്മളും ചെയ്യേണ്ടത്. അവിടുത്തെ മനോഭാവം സ്വീകരിച്ചാൽ പല രോഗങ്ങളും

വരാതെയിരിക്കുകയും വന്നവ തന്നെ ഭേദമാകുകയും ചെയ്യും എന്നത് സത്യമാണ്. കാരണം രോഗങ്ങളിൽ നല്ല പങ്കും നമ്മുടെ മാനസിക വ്യാപാരങ്ങളുമായി ബന്ധപ്പെട്ടവയാണ്. പരസ്പരം തെറ്റുകൾ ക്ഷമിക്കാനും വാശിയും വൈരാഗ്യവും വിദ്വേഷവും അസൂയയും സ്പർദ്ധയും എല്ലാം നമ്മുടെ ഹൃദയങ്ങളിൽ നിന്ന് ഒഴിവാക്കാനും കഴിഞ്ഞാൽ നാം ഒരു പരിധിവരെയെങ്കിലും രോഗവിമുക്തരാകും. വിശുദ്ധരുടെ മാതൃകകൾ അതിന് നമുക്ക് പ്രചോദനമാകട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2016 ഏപ്രിൽ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**ചങ്ങ്യ: ഈ സർക്കുലർ 2016 മെയ് മാസം 8–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 09/2016***
***Prot. No.18620/2016***

കർത്താവിനാൽ ഏറെ സ്നേഹിക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

പുതിയ സ്കൂൾവർഷം ആരംഭിച്ചിരിക്കുകയാണല്ലോ. മദ്ധ്യ വേനൽ അവധിക്കാലം നിങ്ങൾ ഫലപ്രദമായും സന്തോഷകരമായും ചെലവഴിച്ചു എന്ന് ഞാൻ വിശ്വസിക്കുകയാണ്. പുതിയ വർഷത്തി ലേയ്ക്ക് പ്രവേശിക്കുന്ന നിങ്ങൾക്ക് ധാരാളം ദൈവാനുഗ്രഹവും പഠനത്തിൽ വിജയവും ആശംസിക്കുന്നു.

മാധ്യമങ്ങളിൽ നിന്ന് മനസ്സിലാകുന്നത് പത്താം ക്ലാസിലും പന്ത്രണ്ടാംക്ലാസിലും ഈ വർഷം പരീക്ഷ എഴുതിയവരിൽ മിക്കവരും ജയിച്ചു എന്നാണ്. കുറേപ്പേരെങ്കിലും ജയിക്കാതെയും ഉണ്ടാകും എന്നതും വസ്തുതയാണ്. ജയിച്ചവർക്കും ജയിക്കാത്തവർക്കും തുടർന്ന് പഠിച്ച് മിടുക്കരാകാൻ കഴിയട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥി ക്കുകയും ചെയ്യുന്നു. ജയിക്കാത്തവരും ഇഷ്ടപ്പെട്ട കോഴ്സുകൾക്ക് ചേരാൻ കഴിയാത്തവരും ഒന്നും ദു:ഖിക്കുകയും നിരാശരാകുകയും ചെയ്യേണ്ടതില്ല. അവസരങ്ങൾ നിങ്ങളെതേടി ഇനിയും വരും. ജയവും തോൽവിയും മനുഷ്യജീവിതത്തിന്റെ ഭാഗങ്ങളാണ്. എല്ലാവരും ഉത്സാ ഹിച്ച് ലക്ഷ്യബോധത്തോടെ പഠിച്ചാൽമതി. വിജയം സുനിശ്ചിതമാണ്.

ഈ വർഷം അവധിക്കാലത്ത് നിങ്ങൾ അനുഭവിച്ച ഒരു പ്രയാസം പ്രതികൂല കാലാവസ്ഥയായിരിക്കും. എന്തൊരുചൂട് എന്ന് നിങ്ങൾ പലപ്പോഴും പറഞ്ഞിരിക്കും. ശരിയാണ് ഈ വർഷം നമ്മൾക്ക് ഒരു തരത്തിൽ പറഞ്ഞാൽ സഹിക്കാവുന്നതിലും അധികം ചൂടായിരുന്നു. ഇതിന്റെ കാരണമെന്താണ്? കാലാവസ്ഥയിൽ വന്ന മാറ്റമാണ് അതിന്റെ കാരണം. അന്തരീക്ഷത്തിൽ ചൂട് വർദ്ധിച്ചു. മഴ കുറഞ്ഞു. എന്തു കൊണ്ടാണ് ഇത് സംഭവിച്ചത്? അതേപ്പറ്റി നമ്മൾ വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മൾ പഠിച്ച് ഡിഗ്രിയുമായി പുറത്തിറങ്ങു

മ്പോൾ നമ്മെ കാത്തിരിക്കുന്നത് ഇത്തരത്തിലുള്ള പ്രതിഭാസങ്ങളായി രിക്കും. കേവലം ഒരു ഡിഗ്രി ജീവിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ നമുക്ക് തരുകയില്ല. പണമുണ്ടെങ്കിലും നാം ജീവിക്കുന്ന സാഹചര്യ ങ്ങൾ അനുകൂലമാണെങ്കിലേ അതിജീവനം സാദ്ധ്യമാകുകയുള്ളു.

കാലാവസ്ഥയിൽ വരുന്ന ഈ മാറ്റങ്ങളുടെ കാരണക്കാർ ഒരു പരിധി നമ്മൾ തന്നെയാണ്. നമ്മുടെ പിഴവ് മാത്രമല്ല ഈ ദു:സ്ഥിതിക്ക് കാരണം എന്നതും സത്യമാണ്. എങ്കിലും നമ്മുടെ ഉത്തരവാദിത്വം നമ്മൾ നിർവ്വഹിക്കണമല്ലോ. മഴ പെയ്യാനുള്ള സാഹചര്യം ഒരുക്കുന്ന മരങ്ങളും കാടുകളും കുന്നുകളും മലകളും എല്ലാം വികസനത്തിന്റെ പേരിൽ നമ്മൾ ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. മരങ്ങളുടെയും കാടുകളുടെയും അഭാവം, കോൺക്രീറ്റ് കെട്ടിടങ്ങളുടെ വർദ്ധന, വാഹ നങ്ങളിൽ നിന്നും ഫാക്ടറികളിൽ നിന്നും പുറത്തേക്ക് വരുന്ന പുകയും മറ്റ് വാതകങ്ങളും, അതുപോലെ നമ്മൾ ഉപയോഗിക്കുന്ന എയർകണ്ടീ ഷണർ, ഫ്രിഡ്ജ്, സ്പ്രേ പെർഫ്യൂം തുടങ്ങിയവയിൽ നിന്ന് വരുന്ന വാതകങ്ങൾ, പ്ലാസ്റ്റിക്കിന്റെ വർദ്ധിച്ച ഉപയോഗം, വെടിക്കെട്ടുകൾ, ചുറ്റു പാടും വലിച്ചെറിയുന്ന ചപ്പുചവറുകൾ, അടുപ്പിൽ നിന്നും ഉയരുന്ന പുക അങ്ങനെ നിരവധി കാര്യങ്ങൾ കാലാവസ്ഥയെ പ്രതികൂലമായി ബാധി ക്കുന്നു. അതുകൊണ്ട് ഇപ്പറഞ്ഞ കാര്യങ്ങളിൽ നാം അതീവശ്രദ്ധ പുലർത്തണം. ഭൂമിയിൽ ചൂട് വർദ്ധിക്കുകയും മഴ ഇല്ലാതാവുകയും ജലം ലഭ്യമല്ലാതാകുകയും ചെയ്താൽ മനുഷ്യജീവിതം തന്നെ അസാദ്ധ്യമായിത്തീരും.

നിയന്ത്രണമില്ലാതെ കുഴൽക്കിണറുകൾ കുത്തുന്നതും, വയലു കളും കുളങ്ങളും തടാകങ്ങളും മണ്ണിട്ട് നികത്തി കെട്ടിടങ്ങൾ പണിയു ന്നതും മറ്റ് കൃഷികൾ ഇറക്കുന്നതും എല്ലാം ജലക്ഷാമത്തിന് കാരണ മാകും. കാലംതെറ്റിവരുന്ന മഴയും മഴയില്ലായ്മയും തൽഫലമായി ഉണ്ടാ കുന്ന ജലക്ഷാമവും എല്ലാം നമ്മെ കാത്തിരിക്കുന്ന ദുരന്തങ്ങളാണ്. മഴയില്ലാത്തതുകൊണ്ട് കിണറുകളും കുളങ്ങളും വറ്റുന്നു. അപ്പോൾ നമ്മൾ കൂടുതൽ കൂടുതൽ കുഴൽക്കിണറുകളെ ആശ്രയിക്കുന്നു. അതിനനുസരിച്ച് ഭൂമിക്കടിയിലെ വെള്ളവും വറ്റുന്നു. അങ്ങനെ ജല ലഭ്യത വീണ്ടും കുറയുന്നു.

രാസവളങ്ങളും രാസകീടനാശിനികളും പ്ലാസ്റ്റിക്ക് പോലെയുള്ള കൃത്രിമവസ്തുക്കളും നമ്മുടെ മണ്ണിനെയും ജലത്തേയും വിഷമയ

മാക്കുന്നു. കൃഷിസ്ഥലങ്ങളിൽ ഉപയോഗിക്കുന്ന രാസവളങ്ങളും കീട നാശിനികളും നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക്കും എല്ലാം മണ്ണിനെ എന്നേ യ്ക്കുമായി നശിപ്പിക്കുന്നു. വളക്കൂറെല്ലാം പോയി വെള്ളം താഴാത്ത മണ്ണായി നമ്മുടെ ഭൂമിമാറുന്നു. വിഷമയമായ ജലാശയങ്ങളിൽ നമ്മുടെ മിത്രങ്ങളായ മീൻ, തവള തുടങ്ങിയവയ്ക്ക് ജീവിക്കാൻ പറ്റാത്തവിധം ജലാശയങ്ങൾ വിഷമയമായിരിക്കുന്നു. ഈ വെള്ളം കുടിക്കുന്ന മനു ഷ്യരും മൃഗങ്ങളും പലരോഗങ്ങൾക്കും അടിപ്പെടുന്നു. ചികിത്സയ്ക്കായി വലിയ തുകകൾ മുടക്കേണ്ടിവരുമ്പോൾ നമ്മുടെ സാമ്പത്തികഭദ്രത തകരുന്നു.

വെടിക്കെട്ടുകൾ കണ്ണിന് ഇമ്പം തരുന്നതാണെങ്കിലും അവ കാലാവസ്ഥാമാറ്റത്തിന് വലിയൊരളവുവരെ കാരണമാകുന്നു. വെടിക്കെ ട്ടിനുപയോഗിക്കുന്ന വെടിമരുന്നും, ശബ്ദവും നിറങ്ങളും വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുക്കളും അന്തരീക്ഷത്തെ അതീവ മലീമ സമാക്കുന്നു. അതിൽ നിന്നുയരുന്ന പുകയും മറ്റ് വാതകങ്ങളും അവ ശ്വസിക്കുന്നവരെ രോഗികളാക്കുന്നു. പുകയും വാതകങ്ങളും ശക്തമായ കാറ്റിൽ അനേകം കിലോമീറ്ററുകൾ അന്തരീക്ഷത്തിലൂടെ സഞ്ചരിച്ച് ഒരു വലിയ പ്രദേശമാകെ മലിനമാകാം. വെടിക്കെട്ടുകൾ മൂലമുണ്ടാ കുന്ന അപകടങ്ങളും കുറവല്ലല്ലോ. അങ്ങനെ അന്തരീക്ഷമലിനീകര ണത്തിന് പുറമേ ആൾനാശത്തിനും വെടിക്കെട്ട് കാരണമാകുന്നു.

പ്രിയപ്പെട്ട കുട്ടികളേ, എന്തുകൊണ്ടാണ് അറിവും വിദ്യാഭ്യാ സവും ഉണ്ട് എന്ന് അവകാശപ്പെടുന്ന മനുഷ്യൻ മേൽപ്പറഞ്ഞ രീതി യിൽ ഭൂമിയെയും അന്തരീക്ഷത്തേയും നശിപ്പിക്കുന്നത് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? കാരണം നമുക്ക് എഴുത്തും വായനയും അറിയാമെ ങ്കിലും വലിയ ഡിഗ്രികൾ ഉണ്ടെങ്കിലും നമ്മുടെ പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കേണ്ടത് എങ്ങനെയെന്ന കാര്യത്തിൽ അത്ര അറിവില്ല. അഥവാ അറിവുണ്ടെങ്കിലും നമ്മൾ അതിനനുസരിച്ച് പ്രവർത്തിക്കുന്നില്ല. അതിന്റെ കാരണം നമ്മുടെ സ്വാർത്ഥതയാണ്. എന്റെ കാര്യം എങ്ങനെയും നടക്കണം, മറ്റുള്ളവർക്ക് എന്തു സംഭവി ച്ചാലും എനിക്ക് ശേഷം വരുന്നവർക്ക് എന്തു സംഭവിച്ചാലും എനിക്കൊ ന്നുമില്ല എന്ന ചിന്താഗതിയാണ് നമ്മൾ അങ്ങനെ ചിന്തിക്കാൻ കാര ണം. ശരിയായ വിദ്യാഭ്യാസം കിട്ടാത്തതാണ് അതിന്റെ അടിസ്ഥാനം. യഥാർത്ഥ വിദ്യാഭ്യാസം അക്ഷരം എഴുതാനും വായിക്കാനും

പഠിക്കുന്നതോടൊപ്പം ഇങ്ങനെയുള്ള ധാർമ്മികബോദ്ധ്യങ്ങൾ ഉള്ള വ്യക്തികളായി രൂപാന്തരപ്പെടുന്നതിലുമാണ് അടങ്ങിയിരിക്കുന്നത്. അതിനാൽ അക്ഷരത്തോടൊപ്പം മേൽപ്പറഞ്ഞ ചിന്തകളിൽ അടിസ്ഥാനപ്പെടുത്തിയ ധാർമ്മികതയും നമുക്കുണ്ടാകട്ടെ. നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2016 മെയ് മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2016 ജൂൺ മാസം 12-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും കുട്ടികൾക്കുള്ള വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 10/2016***
***Prot. No.18633/2016***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദിക സഹോദരങ്ങളേ, സമർപ്പിതരായ സഹോദരീ സഹോദന്മാരേ, പ്രിയപ്പെട്ട മാതാപിതാക്കളെ, സഹോദരീ സഹോദന്മാരേ, വാത്സല്യമുള്ള കുട്ടികളേ,

നമ്മുടെ കത്തോലിക്കാ വിശ്വാസജീവിതത്തെ സംബന്ധിച്ചിടത്തോളം അത് എത്രമാത്രം വൈദികരുടെ ശുശ്രൂഷകളുമായി ബന്ധപ്പെട്ട് നിൽക്കുന്നു എന്ന് ഞാൻ പറയേണ്ടതില്ലല്ലോ. നമ്മിൽ ആദ്യമായി ക്രൈസ്തവ വിശ്വാസത്തിന്റെ വിത്തുകൾ പാകുന്നത് നമ്മുടെ മാതാപിതാക്കളാണെങ്കിലും ആ വിത്തുകൾ മുളച്ച് ചെടികളാകാനും ഫലം തരാനും പ്രാപ്തമാകുന്നത് നമുക്ക് ഇടവകസംവിധാനങ്ങളും ഓരോ ഇടവകയേയും നോക്കിനടത്താൻ വൈദികരും ഉള്ളതുകൊണ്ടാണ് എന്നത് അനിഷേധ്യമായ വസ്തുതയാണ്. അതിനാൽ നമ്മുടെ വൈദികരെ പ്രത്യേകമായി നന്ദിയോടെ ഓർക്കുകയും അവർക്ക് വേണ്ടി നിത്യവും പ്രാർത്ഥിക്കുകയും ചെയ്യാം. ഇപ്രകാരം വൈദികരെ നമുക്ക് നൽകിയ ദൈവത്തിന് നാം നിത്യവും നന്ദി പറയണം. അവരുടെ കുറ്റങ്ങളും കുറവുകളും പെരുപ്പിച്ച് കാണിക്കാതിരിക്കാനും അവ നമ്മുടെ കുടുംബങ്ങളിൽ ചർച്ച ചെയ്യാതിരിക്കാനും ശ്രദ്ധിക്കാം. കുടുംബങ്ങളിൽ നടക്കുന്ന നിഷേധാത്മകമായ ചർച്ചകൾ നമ്മുടെ കുട്ടികൾക്ക് ഉതപ്പുണ്ടാക്കുകയും അവർ ഈ ജീവിതം തെരഞ്ഞെടുക്കുന്നതിൽ വിമുഖത കാണിക്കുകയും ചെയ്യും. അങ്ങനെ വന്നാൽ അത് നമ്മുടെ സഭാജീവിത്തെ പ്രതികൂലമായി ബാധിക്കും എന്നത് വസ്തുതയാണ്. നമ്മുടെ കുടുംബങ്ങളിൽ വൈദികരെ സംബന്ധിച്ച് നല്ലത് പറയുകയും കുട്ടികളെ ഈ ജീവിതം തെരഞ്ഞെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അതുപോലെ ഇനിയും ധാരാളം പേർ വൈദികജീവിതത്തിലേയ്ക്ക് കടന്നു വരാൻ ഇടയാക്കണമേ എന്ന് നമ്മുടെ കർത്താവിനോട് പ്രാർത്ഥിക്കുകയും വേണം. സമർപ്പിത ജീവിതത്തെ സംബന്ധിച്ചും ഈ പറഞ്ഞതെല്ലാം ബാധകമാണ്.

ലോകത്തിന്റെ പലഭാഗങ്ങളിലും പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിൽ വൈദികരുടെ ലഭ്യത വളരെ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഭാരതത്തിന്റെ തന്നെ ഇതരഭാഗങ്ങളിലും ആഫ്രിക്ക, തെക്കേ അമേരിക്ക മുതലായ രാജ്യങ്ങളിലും ധാരാളം ക്രൈസ്തവ സമൂഹങ്ങളുണ്ടെങ്കിലും വിശ്വാസത്തിൽ അവരെ വളർത്താൻ വൈദികരില്ലാത്തത് അവരുടെ വിശ്വാസജീവിത്തെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നുണ്ട്. എന്നാൽ കേരളത്തിലെ സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം ദൈവാനുഗ്രഹത്താൽ ഇന്നും ധാരാളം വൈദികരുണ്ട്. കേരളത്തിന്റെ തെക്കെ അറ്റംമുതൽ വടക്കേ അറ്റംവരെ സഞ്ചരിക്കുമ്പോൾ വഴിവക്കിൽ ഉയർന്ന് കാണുന്ന ദൈവാലയങ്ങൾ ഇതിന് സാക്ഷികളാണ്. കേവലം നൂറും അതിൽ താഴെയും കുടുംബങ്ങളുള്ള ഇടവകകൾക്ക് പോലും സ്വന്തമായി വികാരിയച്ചന്മാരുണ്ടാകുക എന്നത് പല സ്ഥലങ്ങളിലും അചിന്തനീയമാണ്. നമ്മുടെ മിഷൻ പ്രദേശങ്ങളിൽ ആണ്ടിൽ ഒരിക്കലെങ്കിലും ഒരു വിശുദ്ധ കുർബാന ലഭ്യമാകുക എന്നത് പലപ്പോഴും ഒരു ആഡംഭരം തന്നെയാണ്.

മുൻകാലങ്ങളിൽ പാശ്ചാത്യസഭയിലെ വിശ്വാസികളും ഇടവകകളും സംഘടനകളും നമ്മുടെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി ചെറുതും വലുതുമായ തുകകൾ നൽകി നമ്മെ സഹായിച്ചിരുന്നു. അതുകൊണ്ട് നമ്മുടെ കുട്ടികൾ സെമിനാരികളിൽ പഠിക്കാനുള്ള ചെലവുകൾ നടത്തിക്കൊണ്ട് പോകാൻ വലിയ ബുദ്ധിമുട്ടില്ലായിരുന്നു. നമ്മുടെ രൂപതകൾ സാമ്പത്തികമായി അത്ര മെച്ചപ്പെട്ട നിലയിലല്ലായിരുന്നപ്പോഴും നമുക്ക് വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കാൻ കഴിഞ്ഞിരുന്നത് ഈ സഹായം കൊണ്ടാണ്. എന്നാൽ ഇന്ന് സ്ഥിതിഗതികൾ വളരെയധികം മാറി. പാശ്ചാത്യസഭയിലെ ഇടവകകളിൽ അംഗസംഖ്യ വളരെ കുറഞ്ഞു. പള്ളിയിൽ വരുന്നവർ ഏറിയപങ്കും വളരെ പ്രായമായവരും കേവലം പെൻഷൻ തുകമാത്രം വരുമാനം ഉള്ളവരും ആണ്. യുവതലമുറയ്ക്ക് വിശ്വാസജീവിതത്തിൽ അത്ര താൽപര്യമൊന്നുമില്ല. അതുകൊണ്ട് തന്നെ പള്ളികളിൽ ലഭിക്കുന്ന സംഭാവനകളിൽ വലിയ ഇടിവും സംഭവിച്ചു. ഈ പശ്ചാത്തലത്തിൽ കാര്യമായ സാമ്പത്തിക സഹായമൊന്നും അവരിൽ നിന്ന് നമ്മൾ പ്രതീക്ഷിക്കേണ്ടതില്ലല്ലോ. അവരുടെ സഹായം ഏതാണ്ട് തീർത്തും ഇല്ലാതായിക്കഴിഞ്ഞു എന്നതാണ് സത്യം. ചുരുക്കം ചില വ്യക്തികൾ അവരുടെ വ്യക്തിപരമായ ബന്ധത്തിന്റെ പേരിൽ ആരെയെങ്കിലുമൊക്കെ സഹായിക്കുന്നുണ്ടാകാം. അതായത് നമ്മുടെ വൈദികവിദ്യാർത്ഥികളെ നമ്മൾ തന്നെ

പണം മുടക്കി പഠിപ്പിക്കണം എന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. എന്നുതന്നെയുമല്ല നമ്മുടെ ആവശ്യമാണല്ലോ നമുക്ക് വൈദികർ ഉണ്ടാകുക എന്നത്. അതിന് മറ്റുള്ളവർ ബുദ്ധിമുട്ടണം എന്ന് പറയുന്നതിൽ യുക്തിഭംഗവുമുണ്ട്.

ദൈവാനുഗ്രഹത്താൽ നമ്മുടെ സാമ്പത്തികനിലവാരം ഇന്ന് വളരെ ഉയർന്നിട്ടുണ്ട്. നമ്മുടെ നിരത്തുകളിലൂടെ ഓടുന്ന വാഹനങ്ങളും കടകളിൽ ലഭ്യമായ വസ്തുക്കളുടെ ബാഹുല്യവും നമ്മുടെ ആഘോഷങ്ങൾക്ക് നമ്മൾ മുടക്കുന്ന തുകയുടെ വർദ്ധനവും എല്ലാം അതാണ് സൂചിപ്പിക്കുന്നത്. ഇന്ന് മിക്ക വീടുകളിലും കുട്ടികളുടെ എണ്ണം രണ്ടിൽ ഒതുങ്ങുന്നു. നല്ല വിദ്യാഭ്യാസം ലഭിക്കുന്നതുകൊണ്ട് അവർക്ക് നല്ല ശമ്പളമുള്ള ജോലികളും ലഭിക്കുന്നു. അവർക്കായി മാതാപിതാക്കൾ കൂടുതലായൊന്നും കൊടുക്കേണ്ടിയും വരില്ല. ഈ സാഹചര്യത്തിൽ നമ്മുടെ വൈദികവിദ്യാർത്ഥികൾക്ക് ആവശ്യമായ പണം ഇവിടെത്തന്നെ കണ്ടെത്താൻ കഴിയും. ചിലരെങ്കിലും അവരുടെ കുടുംബത്തിൽ നിന്ന് ഒരു വൈദികൻ ഉണ്ടായിക്കാണാൻ ആഗ്രഹിച്ചിട്ട് അത് നടക്കാതെ പോയിട്ടും ഉണ്ടാകും. അങ്ങനെയുള്ളവർക്ക് ഒരു വൈദിക വിദ്യാർത്ഥിയെ പരിശീലിപ്പിക്കാനുള്ള അവസരവും ഇപ്പോഴുണ്ട്. മാതാപിതാക്കൾ പ്രായമാകുമ്പോൾ മക്കൾക്ക് സ്വത്ത് വീതംവച്ച് കൊടുക്കുമല്ലോ. ആ അവസരത്തിൽ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി സ്ഥലമോ പണമോ ഒക്കെ നീക്കി വയ്ക്കുന്ന പതിവും നമ്മൾ തുടങ്ങണം. ഇത്തരം പതിവുകൾ പാശ്ചാത്യലോകത്തുണ്ട്.

മാനന്തവാടി മൈനർസെമിനാരിയിൽ മൂന്ന് വർഷം, തുടർന്ന് മൂന്ന് വർഷം ഡിഗ്രിപഠനം, അതിന് ശേഷം രണ്ട് വർഷം തത്വശാസ്ത്രപഠനം, പിന്നീട് രണ്ട് വർഷം ബിരുദാനന്തരപഠനം, അവസാനമായി മൂന്നരവർഷം ദൈവശാസ്ത്രപഠനം എന്നിങ്ങനെയാണ് ഇപ്പോൾ വൈദികപരിശീലനം നടക്കുന്നത്. മൈനർ സെമിനാരിപഠനത്തിന് ശേഷം പല മേജർ സെമിനാരികളിലേക്കാണ് കുട്ടികൾ അയക്കപ്പെടുന്നത്. ഓരോ സെമിനാരിയുടേയും സാഹചര്യമനുസരിച്ച് അവിടെ കൊടുക്കേണ്ട തുകയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. ഒരു സെമിനാരിയിൽ ഒരു വർഷം വരുന്ന ആകെ ചെലവിനെ അവിടെ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന തുകയാണ് ഓരോ കുട്ടിക്കും കൊടുക്കേണ്ടത്. സെമിനാരികളിൽ ചെലവാകുന്ന തുകയുടെ ഏറ്റക്കുറച്ചിലനുസരിച്ച് രൂപതകൾ കൊടുക്കേണ്ട തുകയിലും ഏറ്റക്കുറച്ചിലുകൾ

ഉണ്ടാകാം. വർഷങ്ങൾ മുമ്പോട്ട് പോകുംതോറും ചെലവുകൾ കൂടുകയേയുള്ളു എന്നതും വസ്തുതയാണല്ലോ.

നമ്മുടെ രൂപതയ്ക്ക് വേണ്ടി ശരാശരി നൂറ് കുട്ടികളെങ്കിലും വിവിധ സെമിനാരികളിലായി ഓരോ വർഷവും പഠിക്കുന്നുണ്ടാകും. അവരുടെ മേൽപ്പറഞ്ഞ രീതിയിലുള്ള പഠനച്ചെലവുകൾക്ക് നമ്മൾ പണം കണ്ടെത്തണം. വിദ്യാർത്ഥികളുടെ കുടുംബങ്ങളിൽ നിന്ന് ഇപ്പോൾ വർഷം അയ്യായിരം രൂപ വച്ചാണ് വാങ്ങിക്കുന്നത്. ബാക്കി രൂപതയിൽ നിന്ന് തന്നെ കണ്ടെത്തണം. സ്ഥിരവരുമാനം കാര്യമായൊന്നും ഇല്ലാത്ത നമ്മുടെ രൂപതയ്ക്ക് ഇത്രയും വലിയ തുക കണ്ടെത്താൻ എളുപ്പമല്ല. അതിനാൽ ഉപകാരികളിലൂടെയാണ് തുക സമാഹരിക്കുന്നത്. രൂപതയിലെ ചുരുക്കം ചില വ്യക്തികളും ഇടവകകളും സമർപ്പിതസമൂഹങ്ങളും ഇപ്പോൾ തന്നെ സംഭാവനകൾ തരുന്നുണ്ട്. അവരെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. ഇനിയും ധാരാളം പേർക്ക് തരാൻ സന്മനസ്സുണ്ട് എന്നെനിക്കറിയാം. അവരെ സമീപിക്കാനും സംഭാവനകൾ സ്വീകരിക്കാനും ഒരു സംവിധാനം ഒരുക്കിയാൽ മതി. ഈ ഉദ്ദേശത്തോടെ നമ്മുടെ രൂപതയിൽ ഒരു വൈദികനെ ഈ വർഷം മുതൽ നിയമിച്ചിട്ടുണ്ട്. രൂപതാ മൈനർ സെമിനാരിയിൽ ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ഏലംകുന്നേലച്ചനാണ് (*മേൽവിലാസം: Mount Mary College, PO Box 1, Mananthavady 670645, Mobile: 9447882293*) ഇപ്രകാരം നിയമിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന് രണ്ട് ചുമതലകളാണ് കൊടുത്തിരിക്കുന്നത്. ഒന്ന്, വൈദികജീവിതത്തിലേക്കുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കുകയും താത്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുക. രണ്ട്, ഇടവകകൾ സന്ദർശിച്ച് വൈദിക പരിശീലനത്തിനായി സാമ്പത്തികമായി സഹായിക്കാൻ താത്പര്യമുള്ളവരെ കണ്ടെത്തി സംഭാവനകൾ സ്വീകരിക്കുകയും അതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുക.

ബഹുമാനപ്പെട്ട ഏലംകുന്നേലച്ചൻ എല്ലാ ഇടവകകളും സന്ദർശിക്കുന്നതാണ്. അദ്ദേഹത്തിന് ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണമെന്ന് ബഹുമാനപ്പെട്ട ഇടവകവികാരിയച്ചന്മാരോടും അസേന്തിയച്ചന്മാരോടും അഭ്യർത്ഥിക്കുന്നു. ഞായറാഴ്ചകളിലും അതുപോലെയുള്ള പ്രധാനപ്പെട്ട ദിവസങ്ങളിലും അദ്ദേഹം ഇടവകകൾ സന്ദർശിക്കാനും സംഭാവനകൾ തരാൻ താത്പര്യമുള്ള

വരെ സമീപിക്കാനും വരുന്നതാണ്. അപ്പോൾ വിശുദ്ധ കുർബാന യർപ്പിച്ച് ഇക്കാര്യങ്ങൾ ഇടവകജനത്തോട് വിശദീകരിക്കാനുള്ള സൗക ര്യമാണ് ചെയ്ത് കൊടുക്കേണ്ടത്. അതുപോലെ സംഭാവനകൾ കൊടുക്കാൻ താത്പര്യമുള്ളവരുടെ വീടുകൾ സന്ദർശിക്കാനും ഇക്കാ ര്യങ്ങൾ കൂടുതൽ വിശദീകരിക്കാനും അവസരം ഒരുക്കിക്കൊടുക്കണം എന്നും അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ നിങ്ങളുടെ എല്ലാവരുടേയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ഇത്തരുണത്തിൽ വൈദികരുടെ രാജ്ഞിയും നമ്മുടെ രൂപത യുടെ മദ്ധ്യസ്ഥയുമായ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥത്തിന് ബഹു മാനപ്പെട്ട ഏലംകുന്നേലച്ചനേയും അദ്ദേഹത്തിന്റെ ദൗത്യത്തേയും ഭരമേൽപ്പിക്കുന്നു. ഈ ദൗത്യം വിജയപ്രദമാകുന്നതിന് നമുക്ക് കർത്താ വിനോട് പ്രാർത്ഥിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2016 മെയ് മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2016 ജൂൺ മാസം 19-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# ഇടയലേഖനം

***Pastoral Letter No. 03/2016***
***Prot. No.18820/2016***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ

**പൊരുന്നേടം മാർ ജോസ് മെത്രാൻ**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

2015 ഡിസംബർ മാസം 8-ാം തീയതി തുടങ്ങുവാനായി പരി.പിതാവ് ഫ്രാൻസീസ് മാർപാപ്പ ആഗോളസഭയിൽ പ്രഖ്യാപിച്ചിരുന്ന കരുണയുടെ ജൂബിലി വർഷം 2016 നവംബർ 20 ന് ഞായറാഴ്ച അവസാനിക്കുകയാണല്ലോ. ഈ ജൂബിലിവർഷ പ്രഖ്യാപനത്തിലൂടെ പരി. പിതാവ് ഉദ്ദേശിച്ചത് പിതാവായ ദൈവത്തിന്റെ കരുണാമുഖമായ ഈശോമിശിഹായുടെ യഥാർത്ഥ സാക്ഷികളായി നമ്മൾ തീരുക എന്നുള്ളതാണല്ലോ. പരി. പിതാവ് കരുണയുടെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഇറക്കിയരേഖയുടെ 19-ാം നമ്പറിൽ പറഞ്ഞിരുന്ന കാര്യം ഒരിക്കൽ കൂടി ഉദ്ധരിക്കട്ടെ: "നമ്മുടെ ജീവിതം പരിവർത്തനം ചെയ്യുവാനുള്ള സമുചിതമായ നിമിഷമാണിത്. സമർപ്പിക്കപ്പെടുവാൻ നമ്മുടെ ഹൃദയങ്ങളെ അനുവദിക്കാനുള്ള സമയമാണിത്. ദുഷ്പ്രവർത്തികളെ നേരിടുമ്പോൾ, ഗൗരവപൂർണ്ണമായ കുറ്റകൃത്യങ്ങളെ നേരിടുന്നവർ പോലും, നിഷ്കളങ്കരായ ആളുകളുടെ വിലാപം ശ്രദ്ധിക്കപ്പെടേണ്ട സമയമാണിത്. വസ്തുവകകളും മനുഷ്യമഹത്വവും വികാരങ്ങളും - ജീവൻതന്നെയും - ഇല്ലാതാക്കപ്പെടുന്നവർ. ദുഷ്മനസിന്റെ മാർഗ്ഗത്തിൽ ഒട്ടിച്ചേർന്ന് നിന്നാൽ മിഥ്യാബോധവും ദുഃഖവും ആയിരിക്കും ഉണ്ടാവുക. യഥാർത്ഥ ജീവിതം അതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ദൈവം നമ്മിലേക്ക് എത്തിച്ചേരുന്നതിൽ ഒരിക്കലും തളരുന്നില്ല. അവിടുന്ന് ശ്രവിക്കുവാൻ എപ്പോഴും സന്നദ്ധനാണ്. സഭ നൽകുന്ന കാരുണ്യത്തിന്റെ ഈ സവിശേഷകാലഘട്ടത്തിൽ മാനസാന്തരത്തിനുള്ള ക്ഷണം സ്വീക

രിക്കുകയും നീതിയ്ക്ക് സ്വയംവിധേയരാവുകയും ചെയ്താൽ മാത്രം മതി.”

പരി. പിതാവ് മുന്നോട്ടു വച്ച മാനസാന്തരത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് വി. ലൂക്കായുടെ സുവിശേഷത്തിൽ നമ്മുടെ കർത്താവ് വരച്ച് കാട്ടുന്ന ധൂർത്തപുത്രന്റെ ഉപമ. തന്റെ പിതാവിനോടും സഹോദരനോടുമൊപ്പം കുടുംബത്തിലായിരുന്നപ്പോൾ അവന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് അവന് മനസിലാക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നുമാത്രമല്ല, യഥാർത്ഥസ്വാതന്ത്ര്യവും അതിൽനിന്നുള്ള സന്തോഷവും പിതാവിൽ നിന്ന് അകന്ന് കഴിയുമ്പോഴാണ് കിട്ടുക എന്നും അവൻ ചിന്തിച്ചു. എന്നാൽ കാലക്രമത്തിൽ പണവും കൂട്ടുകാരുമെല്ലാം അവനെ വിട്ടൊഴിഞ്ഞപ്പോൾ അവൻ കഠിനദാരിദ്ര്യത്തിന്റേയും തീവ്രദുഃഖത്തിന്റെയും പിടിയിലമർന്നു. കാരണം അവന്റെ മനസ്സ് ദുഷ്ടതയുടെ മാർഗ്ഗത്തിൽ ഒട്ടിച്ചേർന്ന് നിന്നിരുന്നു. എന്നാൽ അവൻ പശ്ചാത്തപിച്ച് മാനസാന്തരപ്പെട്ടുകഴിഞ്ഞപ്പോൾ താൻ വിട്ട് പോന്ന പിതാവിന്റെയടുത്തും കുടുംബസാഹചര്യത്തിലുമാണ് യഥാർത്ഥ സൗഭാഗ്യമെന്ന് അവൻ തിരിച്ചറിയുന്നു. അവന് സുബോധമുണ്ടായി. അങ്ങനെ അവൻ തിരിച്ചു വരുന്നു. തിരിച്ചുവരുന്ന അവന് മകന്റെ സ്ഥാനമോ അധികാരമോ നല്ല വസ്ത്രമോ ഒന്നും വേണ്ട. കേവലം മറ്റ് അടിമകളുടെ കൂടെ ഒരു അടിമയായിരുന്നാൽ മാത്രം മതി. കേവലം തന്റെ ജന്മിയുടെ ഒരു സ്വത്തായിരുന്നാൽ മതി. എത്രയോ പെട്ടെന്നാണ് ഒന്നുമില്ലായ്മയിൽ പോലും യാതൊരു സ്വാതന്ത്ര്യവും നൽകാതിരുന്നിട്ടും അവൻ സന്തോഷത്തോടെയും സംതൃപ്തിയോടെയും ജീവിക്കുന്നത്.

നമ്മിൽ മാനസാന്തരം സംഭവിച്ചുകഴിയുമ്പോൾ ഇതാണ് നടക്കുന്നത്. ഒരു മകനെന്ന നിലയിൽ തനിക്ക് ലഭിക്കാമായിരുന്ന എല്ലാം വിട്ടുകളയുവാൻ തയ്യാറായ ധൂർത്തപുത്രന് അവൻ വിട്ടുകളയുന്ന സ്വത്തും പണവുമെല്ലാം മറ്റുള്ളവരുമായി പങ്കുവെക്കുന്നതിൽ ദുഃഖം തോന്നുകയില്ലല്ലോ. ഇതാണ് യഥാർത്ഥത്തിൽ പരി. പിതാവ് ഈ കരുണയുടെ വർഷത്തിൽ നമ്മൾ ചെയ്യണമെന്ന് ആഗ്രഹിച്ച തീർത്ഥാടനങ്ങളുടെ അന്തിമലക്ഷ്യമായി പറഞ്ഞുവെച്ചത്. തീർത്ഥാടനങ്ങൾ ഏതെങ്കിലും സ്ഥലത്തേയ്ക്കുള്ള വെറും യാത്രയല്ല, അവനവനിൽ നിന്ന് അപരനിലേക്കുള്ള യാത്രയായികൂടി അത് പരിണമിക്കണം. ഇതിന്റെ തുടർച്ചയായിട്ടാണ് കാരുണ്യപ്രവർത്തികളെ പരി. പിതാവ് കാണുന്നത്. മുൻപ് പറഞ്ഞ മാനസാന്തരം നടക്കണമെങ്കിൽ പശ്ചാത്താപം ആവശ്യമാണ്. തന്റെ മകന്റെ തെറ്റുകൾ എല്ലാം പൂർണ്ണമായി ക്ഷമിക്കുവാൻ തയ്യാറായ പിതാവിന്റെ സ്നേഹവും ക്ഷമയും ഏവർക്കും ആവശ്യവുമാണ്.

സഭാജീവിതത്തിൽ കുമ്പസാരമെന്ന കൂദാശ പരികർമ്മം ചെയ്യുന്നവരും അത് സ്വീകരിക്കുന്നവരും ഇക്കാര്യങ്ങൾ ഓർത്തിരിക്കേണ്ടതാണ് എന്നും മാർപാപ്പ സൂചിപ്പിക്കുന്നുണ്ട്. അതിലുപരി വിശുദ്ധീകരണത്തിന് നമ്മെ സഹായിക്കുവാൻ ദണ്ഡവിമോചനമെന്ന മാർഗ്ഗവും പരി. പിതാവ് തുറന്നുതന്നു.

മേൽപ്പറഞ്ഞ കാര്യങ്ങൾ എല്ലാം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് നമ്മൾ ഈ ജൂബിലിവർഷ സമാപനത്തിൽ നമ്മോടുതന്നെ ചോദിക്കണം. പരി. പിതാവ് ഉദ്ദേശിച്ച പശ്ചാത്താപവും മാനസാന്തരവും നമ്മിൽ ഉണ്ടായോ? അതിനായി നമ്മൾ അനുരഞ്ജന കൂദാശ എന്ന മാർഗ്ഗവും ദണ്ഡവിമോചന പ്രാപ്തി എന്ന കൃപയും വേണ്ടവിധം പ്രയോജനപ്പെടുത്തിയോ? അങ്ങനെ വന്ന മാനസാന്തരത്തിന്റെ ഫലം നമ്മെ ദൈവത്തിങ്കലേക്കുള്ള തീർത്ഥാടനത്തിലേക്കും അപരനിലേക്കുള്ള അടുക്കലിലേക്കും നയിക്കുവാൻ സഹായിച്ചോ? തീർച്ചയായും ഇതൊരു നീണ്ട പ്രയാണമാണ്. ഒരു ദിവസംകൊണ്ടോ, ഒരുവർഷം കൊണ്ടോ നേടിയെടുക്കാവുന്നതല്ല. അതിനാൽ തന്നെ ഔപചാരികമായി ഈ വർഷം അവസാനിക്കുമ്പോഴും അത് മുന്നോട്ടുവച്ച മാനസാന്തര പ്രക്രിയകൾ എന്നും തുടർന്നു കൊണ്ടേയിരിക്കണം. അതിനുള്ള പരിശ്രമം നമ്മുടെ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ഉണ്ടാകട്ടെയെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഇത്തരുണത്തിൽ ഈ വർഷം നമ്മൾ ചെയ്യണമെന്ന് നിർദ്ദേശിച്ചിരിക്കുന്ന ചില കാരുണ്യപ്രവർത്തികൾ ഒരിക്കൽകൂടി സൂചിപ്പിക്കട്ടെ. നമ്മുടെ രൂപതയിൽ ഒരു കുടുംബവും സ്വന്തം താമസസ്ഥലം ഇല്ലാതെ വിഷമിക്കുന്ന അവസ്ഥ ഉണ്ടാകാത്തരീതിയിൽ എല്ലാവർക്കും ഭവനം ഉണ്ടാക്കുന്ന ഒരു പദ്ധതിയായിരുന്നു അത്. ഇതുവരെയും ഇടവകകളിൽ ചെയ്തകാര്യങ്ങൾ  നമ്മൾ വിലയിരുത്തിയിട്ടില്ലെങ്കിലും പല ഇടവകകളിലും ഇക്കാര്യത്തിൽ ഒരുപാട് മുന്നോട്ട് പോയിട്ടുണ്ട്. അവരെയെല്ലാം ഇത്തരുണത്തിൽ നന്ദിപൂർവ്വം ഓർക്കുകയും ദൈവാനുഗ്രഹം നേരുകയും ഈ പ്രവർത്തി തുടരുവാനുള്ള സാഹചര്യം അവർക്ക് ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അത് തുടങ്ങാത്തവർ അവരവരുടെ സാഹചര്യം അനുസരിച്ച് തുടങ്ങുകയും മുമ്പോട്ട് കൊണ്ടുപോവുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. രൂപതയിൽ പൊതുവായി ഒരു ഭവന പദ്ധതിയ്ക്ക് രൂപം കൊടുക്കുന്നതിനുള്ള ചിന്തകൾ സജീവമായി പുരോഗമിക്കുകയാണ്. അതുപോലെതന്നെ പലയിടങ്ങളിലും ചെയ്തതുപോലെ സ്ഥലം ഇല്ലാത്തവർക്ക് സ്വന്തമായി വീട് വയ്ക്കാൻ ഏതാനും സെന്റ് സ്ഥലമെങ്കിലും കൊടുക്കുവാൻ കഴിവുള്ളവരെ

കണ്ടെത്തി അതിനുള്ള  നടപടികൾ ചെയ്യുവാനും ഇടവകകളെ ഉദ്ബോധിപ്പിക്കുന്നു. ഭവനപദ്ധതിയോടൊപ്പംതന്നെ രൂപതയിൽ നിലവിലിരിക്കുന്ന വിദ്യാഭ്യാസ പദ്ധതിപോലെ  ഒന്ന് ഇടവകകളിലും ആരംഭിക്കുന്നത് വളരെ ഉചിതമായിരിക്കും.

ഈ കരുണയുടെ വർഷം അവസാനിപ്പിക്കുന്നതിന് ചില നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുന്നു.

1. നവംബർ 20 ന് ഞായറാഴ്ച ആദ്യത്തെ കുർബാനയ്ക്ക് മുമ്പായി എത്തുന്ന എല്ലാവരും ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ 51-ാം സങ്കീർത്തനം ആലപിച്ച് ആനവാതിലിലൂടെ കടന്ന് ദേവാലയത്തിൽ പ്രവേശിച്ച് കരുണയുടെ ജപമാല ചൊല്ലുക. അതിനുശേഷം വി.ബലി ആരംഭിക്കുക.

2. ഈ സമാപന ദിവസത്തിന് മുൻപായി സാധിക്കുന്നവരെല്ലാം അനുരഞ്ജനകൂദാശയ്ക്ക് അണഞ്ഞ് പാപമോചനം പ്രാപിച്ച് വരപ്രസാദ അവസ്ഥയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ദേവാലയത്തിലെ കരുണയുടെ വാതിലിലൂടെ പ്രവേശിച്ച് നിശ്ചിതപ്രാർത്ഥനകൾ ചൊല്ലുകയും ദണ്ഡവിമോചനം പ്രാപിക്കുകയും ചെയ്യുക. കരുണയുടെ വർഷാരംഭത്തിൽ രൂപതാബുള്ളറ്റിനിലൂടെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിലെ ഏതെങ്കിലുമൊരു ഫൊറോന ദേവാലയമോ, ഗൂഡല്ലൂർ റീജിയണിൽ അരുൾ നിലയം ദേവാലയമോ, മാനന്തവാടി സെന്റ് പീറ്റർ & പോൾ ദേവാലയമോ, ദ്വാരക സീയോൻ ചാപ്പലോ സന്ദർശിച്ച് ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. തീർത്ഥാടകർക്കായി കരുണയുടെ കവാടങ്ങൾ ഇനിയുള്ള ദിവസങ്ങളിൽ തുറന്നുവെയ്ക്കുവാൻ പ്രസ്തുത ദേവാലയങ്ങളിലെ വൈദികർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

3. പല ഇടവകകളിലും ഇതിനോടകം കരുണയുടെ കവാടത്തിലേയ്ക്ക് തീർത്ഥാടനം നടത്തിയിട്ടുണ്ട്. ഇപ്രകാരം ചെയ്യാത്ത ഇടവകകളിൽ നിന്നും ഒക്ടോബർ, നവംബർ മാസങ്ങളിലെ സൗകര്യപ്രദമായ ഒരു ദിവസം കരുണയുടെ വാതിലിലൂടെ കടക്കുവാനായി ഫൊറോന വികാരിയുടെ നേതൃത്വത്തിൽ സംവിധാനം ഒരുക്കുക. ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ ബഹു. ഫൊറോന വികാരിമാർ മാസധ്യാന വേളയിൽ ചർച്ച ചെയ്ത് മറ്റുള്ള വികാരിയച്ചന്മാർക്ക് കൊടുക്കേണ്ടതാണ്.

4. സന്യാസഭവനങ്ങളിലും നവംബർ 20 ന് രാവിലെയോ വൈകുന്നേരമോ കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ഏതെങ്കിലും

കാരുണ്യപ്രവർത്തികൾ ചെയ്യുന്നതിനുള്ള പ്രായോഗിക തീരുമാനം എടുക്കുകയും ചെയ്യുക.

5. ബഹു. വികാരിയച്ചന്മാർ ഓരോ ഇടവകയിലും മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഇടവക ജനത്തെ ഉദ്ബോധിപ്പിക്കുകയും അവ ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

6. ഓരോ ഇടവകയിലും കരുണയുടെ വർഷം എപ്രകാരം ആചരിച്ചു എന്നതിനെപ്പറ്റി ഹ്യസ്വമായ ഒരു റിപ്പോർട്ട് തയ്യാറാക്കി ബഹു. ജനറാളച്ചന്റെ പേരിൽ നവംബർ 30 ന് മുൻപായി അയച്ചുകൊടുക്കേണ്ടതാണ്. എല്ലാവർക്കും മുൻകൂട്ടി ഹൃദയപൂർവ്വം ഇതിനായി നന്ദി പറയുന്നു.

കരുണയുടെ വർഷംകൊണ്ട് ഉദ്ദേശിച്ച മാനസാന്തരത്തിന്റെ ഫലങ്ങൾ നമ്മിൽ ധാരാളമായി ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2016 സെപ്റ്റംബർ മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2016 ഒക്ടോബർ മാസം 9-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# ഇടയലേഖനം



***Pastoral Letter No. 04/2016***
***Prot. No.18969/2016***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ

**പൊരുന്നേടം മാർ ജോസ് മെത്രാൻ**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

ഒരിക്കൽക്കൂടി നമ്മൾ ഈശോയുടെ ജനനതിരുന്നാളിന് ഒരുക്കമായുള്ള ഇരുപത്തഞ്ച് നോമ്പിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. ഈ കാലഘട്ടത്തെ നാം ആരാധനാ ക്രമവത്സരത്തിൽ ആഗമനകാലം അല്ലെങ്കിൽ മംഗളവാർത്താക്കാലം എന്നു വിളിക്കുന്നു. ദൈവം വാഗ്ദാനം ചെയ്ത രക്ഷകനെ പ്രതീക്ഷിച്ചിരുന്നതിന്റെ ഓർമ്മയായതിനാൽ ആഗമനകാലമെന്നും മനുഷ്യനെ പാപത്തിൽ നിന്ന് രക്ഷിക്കാനായി രക്ഷകന്റെ പിറവിയുടെ ഓർമ്മയിലേക്ക് ഇത് നയിക്കുന്നതിനാൽ മംഗളവാർത്തയുടെ അഥവാ ശുഭകരമായ വാർത്തയുടെ കാലം എന്നും ഇതറിയപ്പെടുന്നു. സീറോമലബാർ സഭയുടെ ആരാധനാ ക്രമവത്സരം ഒമ്പത് കാലഘട്ടങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ നാഥനും രക്ഷകനുമായ ഈശോമിശിഹായുടെ ഈ ലോകജീവിതത്തിലെ വിവിധ ഘട്ടങ്ങളും അവിടുത്തെ മൗതിക ശരീരമായ തിരുസഭയുടെ ജീവിതത്തിലെ വിവിധഘട്ടങ്ങളുമാണ് ഈ വിഭജനത്തിന് അടിസ്ഥാനം. എല്ലാ ഇടവകകളിലും ഇപ്രകാരം കാലഘട്ടം മാറുന്നതിനനുസരിച്ചുള്ള പ്രാർത്ഥനകളും വായനകളുമാണ് നടത്തുന്നതെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെയല്ലാത്തിടത്ത് എത്രയും വേഗം ആരംഭിക്കേണ്ടതാണ്. ഓരോ കാലഘട്ടവും തുടങ്ങുമ്പോൾ അതിന്റെ സാംഗത്യവും പ്രാധാന്യവും എല്ലാവർക്കും വിശദീകരിച്ചുകൊടുക്കാൻ ബഹു. വൈദികർ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ. ആഗമനകാലത്തു തുടങ്ങി പള്ളിക്കൂദാശാക്കാലത്താണ് ആരാധന ക്രമവത്സരം അവസാനിക്കുന്നത്. രക്ഷകനായ

ഈശോമിശിഹായോടൊത്ത് അവിടുത്തെ കൈപിടിച്ചുകൊണ്ട് അവിടുത്തോടൊപ്പം അവിടുന്ന് നടന്ന വഴിയിലൂടെയുള്ള ഒരു തീർത്ഥയാത്രയാണിത്. 1.യോഹ 2:6–ൽ ഇപ്രകാരം പറയുന്നു: "അവനിൽ വസിക്കുന്നെന്നു പറയുന്നവൻ അവൻ നടന്ന അതേ വഴിയിലൂടെ നടക്കേണ്ടിയിരിക്കുന്നു." ഈശോ തന്നെ നമ്മോടു പറഞ്ഞിട്ടുണ്ട് "വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേക്കുവരുന്നില്ല." അതിനർത്ഥം കർത്താവിനോടൊത്തും കർത്താവിലൂടെയുമല്ലാതെ ആരും പിതാവിന്റെ പക്കലേക്ക് വരുന്നില്ല. അതായത് കർത്താവിനോടൊത്തും കർത്താവിലൂടെയും അല്ലാതെ ആർക്കും നിത്യജീവനിലേക്കു അഥവാ സ്വർഗ്ഗഭാഗ്യത്തിലേക്കു എത്താൻ കഴിയുകയില്ല എന്നാണ്. ഈശോമിശിഹാ നടന്ന വഴിയിലൂടെയും അവിടുന്നില്ലൂടെയും നടക്കുക എന്ന് പറഞ്ഞാൽ അവിടുത്തെ മനോഭാവം സ്വീകരിച്ച് ദൈവതിരുമനസ്സിനു കീഴ്പ്പെട്ട് അപരനെ സ്നേഹിച്ച് ജീവിക്കുക എന്നർത്ഥം. അങ്ങനെ ജീവിക്കുമ്പോൾ ഈശോ കടന്നുപോയ പാടുപീഡകളും കുരിശുമരണവും നമ്മുക്കുണ്ടാകാം. പക്ഷെ അങ്ങനെമാത്രമെ നമ്മുക്ക് ഉയിർപ്പിന്റെ മഹത്വത്തിലേക്കു പ്രവേശിക്കാൻ കഴിയുകയുള്ളു. പള്ളിക്കൂദാശാക്കാലമെന്നാൽ വി.പൗലോസ് പറയുന്നതുപോലെ നാമോരോരുത്തരും ആത്മാവിന്റെ വാസസ്ഥലങ്ങളായ ജീവിക്കുന്ന ദൈവാലയങ്ങളായി മാറണമെന്ന വസ്തുതയാണ് ഓർമ്മിപ്പിക്കുന്നത്. (എഫേ. 2:22) അങ്ങനെയാകുമ്പോൾ നമ്മുക്കു സ്വർഗ്ഗത്തിന്റേയും പിതാവായ ദൈവത്തോടൊപ്പമുള്ള നിത്യജീവിതത്തിന്റേയും അനുഭവം അനുദിനജീവിതത്തിൽ ഉണ്ടാകും. നമ്മുടെ മരണശേഷം ആ നിത്യജീവന്റെ പൂർണ്ണതയിലേക്ക്, സമയകാലങ്ങൾക്കതീതമായ ആ ജീവിതത്തിലേക്ക് നാം പ്രവേശിക്കും. അല്ലാത്തവരോ ഇതുപോലെതന്നെ സ്ഥലകാല വിധേയമല്ലാത്ത നിത്യ പീഡനങ്ങളിലേക്കും. ഈ ആഗമനകാലത്ത് നമ്മളനുഷ്ഠിക്കുന്ന നോമ്പും മാംസവർജ്ജനവും മറ്റ് സത്കൃത്യങ്ങളുമെല്ലാം നമ്മളെ ഇപ്രകാരം ദൈവത്തിന്റെ ഇരിപ്പിടമായ ജീവിക്കുന്ന ദൈവാലയങ്ങളാക്കി മാറ്റാനുള്ള പ്രക്രിയയുടെ ഭാഗമാണ്.

മറ്റ് കത്തോലിക്കാ സഭാവിഭാഗങ്ങളുടേതിൽ നിന്ന്, പ്രത്യേകിച്ചും ലത്തീൻ സഭയുടെ പാരമ്പര്യങ്ങളിൽ നിന്നും വ്യത്യസ്തമായി ആഗമനകാലത്ത് നമ്മൾ നോമ്പും ഉപവാസവും അനുഷ്ഠിക്കുന്നു. ഈ ഇരുപത്തഞ്ചുദിവസത്തെ നമ്മൾ കാണുന്നത് പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും സത്പ്രവർത്തികളുടെയും, പ്രാർത്ഥനകളു

ടെയും മറ്റും ദിവസങ്ങളായിട്ടാണ്. ഈ കാലഘട്ടത്തിൽ പ്രത്യേകിച്ച് കുട്ടികളും മുതിർന്നവരും അനുദിനം വി.കുർബാനയിൽ പങ്കുകൊള്ളുകയും, കൂടുതൽ പ്രാർത്ഥിക്കുകയും ചെയ്യുന്ന ആ നല്ല പാരമ്പര്യം നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കാം. മറ്റുള്ളവർക്ക് അങ്ങനെയില്ലല്ലോ എന്ന് പറഞ്ഞ് കുണ്ഠിതപ്പെടാതിരിക്കാം. നമ്മുടെ മക്കളിലേക്കും ഈ ചൈതന്യം പകർന്നു കൊടുത്ത് ഈശോയെ നമ്മുടെ ഹൃദയത്തിൽ പിറക്കുവാൻ അനുവദിക്കാം.

പരിശുദ്ധപിതാവ് ഫ്രാൻസീസ് പാപ്പ പ്രഖ്യാപിച്ച കാരുണ്യ വർഷം നവംബർ 20-ന് അവസാനിച്ചല്ലോ. കർത്താവിന്റെ കരുണയുടെ മനോഭാവം നമ്മളെല്ലാവരും ഉൾക്കൊള്ളാൻ ശീലിക്കുക എന്നതായിരുന്നു അതിലൂടെ പരി.പിതാവ് ലക്ഷ്യം വച്ചത്. ഈ ആഗമനകാലത്ത് നമ്മൾ ഒരു ആത്മശോധന ചെയ്യേണ്ടതുണ്ട്. നമ്മൾ അപ്രകാരമുള്ള ഒരുമനസ്സ് സ്വായത്തമാക്കിയോ എന്ന്. നമ്മുടെ ചിന്തകളും മനോഭാവങ്ങളും വാക്കുകളും പ്രതികരണങ്ങളും പ്രവർത്തനങ്ങളും പരിശോധിച്ചാൽ അറിയാം നമ്മൾ അത് സ്വായത്തമാക്കിയോ എന്ന്. അത് സ്വന്തമാക്കിയെങ്കിൽ തീർച്ചയായും ദൈവപുത്രൻ നമ്മുടെ ഹൃദയത്തിൽ വന്ന് പിറക്കും. അത്തരത്തിലുള്ള കരുണയുടെ മനോഭാവം ഉൾക്കൊണ്ട് ഈശോയെ നമ്മുക്ക് സ്വീകരിക്കാം.

അക്രമവും അഴിമതിയും കൈക്കൂലിയും സ്വജനപക്ഷപാതവും വർഗ്ഗവിദ്വേഷങ്ങളും എല്ലാം വർദ്ധിച്ച് വരുന്ന ഒരു കാലഘട്ടത്തിലാണല്ലോ നമ്മൾ ജീവിക്കുന്നത്. അതോടൊപ്പം ഈ അടുത്തകാലത്തായി നോട്ടുപിൻവലിക്കലിനെ തുടർന്ന് സാമ്പത്തിക ദുരിതങ്ങളും നമ്മുടെ നാട്ടിൽ ഏറിവരുന്നു. ഏതാനുംനാൾ മുമ്പ് എറണാകുളത്തെ ഒരിടവകയിൽ നേർച്ചപ്പെട്ടി തുറന്നിട്ടുകൊണ്ട് പൊതുജനങ്ങളുടെ ദുരിതത്തിന് കുറവുവരുത്താൻ ശ്രമിച്ച വികാരിയച്ചന്റെയും കൈക്കാരന്മാരുടെയും ഇടവകജനത്തിന്റെയും കാര്യം നമ്മൾ പത്രങ്ങളിൽ വായിക്കുക ഉണ്ടായല്ലോ. തീർച്ചയായും അവിടുത്തെ ജനങ്ങൾ തങ്ങൾക്ക് രക്ഷകരായ ഇപ്പറഞ്ഞ വ്യക്തികളെയും ഇടവകയേയും ഒരിക്കലും മറക്കുകയില്ല. വിവിധപത്രങ്ങൾ ഈ സംഭവത്തെപ്പറ്റി പത്രാധിപ കുറിപ്പുകൾപോലും എഴുതുകയുണ്ടായി എന്നതിൽ നിന്ന് എന്താണ് ക്രൈസ്തവരിൽ നിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നത് എന്നത് വ്യക്തമാണ്. മറ്റൊരിടവകയിൽ പണത്തിന് പകരം ഇടവകജനങ്ങൾ ആവശ്യക്കാർക്ക് വേണ്ടത്ര അരിയും കറിവെയ്ക്കാനുള്ള വസ്തുക്കളും കൊടുത്തതായും നമ്മൾ വായിച്ചിട്ടുണ്ടാവും. ഇത്തരം ആളുകളുടെ ഹൃദയത്തിൽ ദൈവപുത്രന്

വന്നു പിറക്കാനുള്ള കിടപ്പാടം ഒരുങ്ങി എന്നുപറയുന്നതിൽ യുക്തി ഭംഗമില്ല. നല്ല സമറിയാക്കാരന്റെ ഉപമ പറഞ്ഞിട്ട് തന്നോട് എന്റെ അയൽക്കാരനാരെന്ന് ചോദിച്ച നിയമഞ്ജന് ഈശോ കൊടുത്ത മറു പടി നമ്മെ നോക്കിയും പറയുന്നതാകാം "നീയും പോയി അതുപോലെ ചെയ്യുക." അങ്ങനെ ചെയ്യുമ്പോൾ നമ്മുടെ ഹൃദയത്തിൽ ഈശോ വന്നുപിറക്കും.

സ്നേഹിതനുവേണ്ടി സ്വന്തം ജീവൻ ബലികഴിക്കുന്നതിലും വലിയ സ്നേഹമില്ല എന്ന് പറഞ്ഞ ഈശോ നമ്മുക്കെല്ലാവർക്കും വേണ്ടി ജീവൻ ബലികഴിച്ചു. ആ ബലി കേവലം തന്റെ മരണത്തിൽ മാത്രം ഒതുങ്ങി നിന്നതായിരുന്നില്ല. ദൈവമായിരുന്നിട്ടും ആ ദൈവത്വം പോലും ഉപേക്ഷിച്ച് ഒരു ദാസനെപോലെ ഈ ലോകത്തിൽ അവിടുന്ന് ജനിച്ചു. ജീവിതം മുഴുവൻ അവിടുത്തേയ്ക്കൊരു ബലിയായിരുന്നു. ഈയൊരവസ്ഥ നമ്മളിലും വരുമ്പോൾ ഈശോ നമ്മുടെ ഹൃദയത്തിൽ ജനിച്ചു എന്ന് പറയാം. ഏവർക്കും ഫലദായകമായ ആഗമനകാലം ആശംസിക്കുകയും എന്റെ പ്രാർത്ഥനകൾ നിങ്ങൾക്ക് വാഗ്ദാനം ചെയ്യു കയും ചെയ്യുന്നു. അതുപോലെ വരാനിരിക്കുന്ന ഈശോയുടെ ജനന ത്തിരുനാളിന്റെ ആശംസകളും നേരുന്നു.


ഇതോടുകൂടി ചേർത്ത് മറ്റൊരു കാര്യംകൂടി നിങ്ങളെ അറിയി ക്കട്ടെ. നമ്മുടെ രൂപതയിൽ നിലവിലിരിക്കുന്ന നൊവേനകളെപ്പറ്റിയാണ് അത്. ഈ ഡിസംബർ 1 മുതൽ നമ്മുടെ രൂപതയിൽ നിന്ന് പ്രസിദ്ധീക രിച്ചിട്ടുള്ള പുതിയ നൊവേന ക്രമങ്ങളാണ് നമ്മുടെ രൂപതയിൽ എല്ലാ യിടത്തും ഉപയോഗിക്കേണ്ടത്. ഇതിനോടകം പല ഇടവകകളിലും അവ ഉപയോഗിച്ചു തുടങ്ങിയെന്നത് ഏറെ സന്തോഷകരമാണ്. തുടങ്ങാത്ത സ്ഥലങ്ങളിൽ ഒട്ടും താമസിയാതെ ഈ മാസത്തിൽ തന്നെ അവ തുട ങ്ങേണ്ടതാണ്. പഴയ പുസ്തകങ്ങൾക്ക് ഇനി പ്രാബല്യം ഉണ്ടായിരി ക്കുന്നതല്ല. എല്ലാ നൊവേനകളും കൂട്ടി ചേർത്ത് ഒറ്റ പുസ്തകമായും ഓരോ നൊവേനയും വെവ്വേറെയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആവശ്യ ക്കാർക്ക് അവ ദ്വാരക പാസ്റ്ററൽ സെന്ററിലുള്ള ജൂബിലി ബുക്ക് സ്റ്റാളിലും മാനന്തവാടി സെന്റ് ജോസഫ് ബുക്കുസ്റ്റാളിലും ലഭ്യമാണ്. ഇക്കാര്യം ബഹു. വൈദികർ ഗൗരവമായി എടുക്കുകയും ദൈവജനത്തെ ഉദ്ബോധിപ്പിക്കുകയും ആവശ്യമായ പുസ്തകങ്ങൾ ഇടവകകളിൽ എത്തിക്കുവാനുമുള്ള സൗകര്യങ്ങൾ ചെയ്യുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തെക്കുറിച്ച് 2016 മെയ് മാസത്തെ ബുള്ള

റ്റിനിൽ ഞാൻ എഴുതിയിട്ടുള്ളവ നിങ്ങൾ ഓർക്കുമല്ലോ.

അധികം താമസിയാതെ 2016 നോട് നമ്മൾ വിടപറയുകയാണ്. ഇതുവരെ കാരുണ്യവാനായ ദൈവം നമ്മൾക്ക് നൽകിയ അനുഗ്രഹ ങ്ങളെയോർത്ത് അവിടുത്തേയ്ക്ക് നന്ദിപറയാം. നമ്മൾ ചെയ്തുപോയ പാപങ്ങളെയോർത്ത് പശ്ചാത്തപിക്കാം. പരാജയങ്ങളിൽ മനസ്സ് മടുത്തി രിക്കാതെ പുതിയ വർഷത്തെ സഹർഷം സ്വീകരിക്കാം. പുതുവർഷം നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹവും സമൃദ്ധിയും നിറഞ്ഞ താകട്ടെ. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരി ക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2016 നവംബർ മാസം 20-ന് നൽകപ്പെട്ടത്.

യേശുവിൽ,



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2016 ഡിസംബർ മാസം 4-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 11/2016***
***Prot. No.18970/2016***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ സഹോദരീ സഹോദരന്മാരേ,

കഴിഞ്ഞ നവംബർ 8-ാം തീയതി മുതൽ നമ്മുടെ രാജ്യത്ത് ഇതുവരെ നിലവിലിരുന്ന 1000 രൂപയുടേയും 500 രൂപയുടെയും കറൻസി നോട്ടുകൾക്ക് ക്രയവിക്രയ സാധുത ഇല്ലാതായിരിക്കുകയാണല്ലോ. എന്നാൽ ചില കാര്യങ്ങൾക്കായി അവ ഡിസംബർ 30 വരെ ഉപയോഗിക്കാൻ അനുവാദമുണ്ട്. അതുപോലെ ഈ നോട്ടുകൾ എത്ര എണ്ണം ഉണ്ടെങ്കിലും നമ്മുടെ ബാങ്ക് അക്കൗണ്ടുകളിൽ അവ ഈ വർഷം ഡിസംബർ 30 വരെ നിക്ഷേപിക്കാം. എന്നാൽ നമ്മുടെ തിരിച്ചറിയൽ രേഖകളും പണം ലഭിച്ച സ്രോതസ്സിന്റെ വിവരങ്ങളും ബാങ്കിനെ അറിയിക്കണമെന്നും മാത്രം. ഡിസംബർ 30 ന് ശേഷമാണെങ്കിൽ റിസർവ് ബാങ്കിന്റെ ശാഖകളിൽ നിന്ന് മേൽപ്പറഞ്ഞ രീതിയിൽ അവ മാറ്റി പുതിയ നോട്ടുകൾ സ്വീകരിക്കാവുന്നതാണ്. ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും സഹകരണസംഘങ്ങളിൽ നിന്നും നോട്ടുകൾ മാറ്റാനോ തൽക്കാലം അവയിൽ പണം നിക്ഷേപിക്കാനോ അവയിൽ നിന്ന് പിൻവലിക്കാനോ കഴിയില്ല എന്നത് പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. ഡിസംബർ 30-ന് ശേഷം ബാങ്കിൽ നിക്ഷേപിക്കപ്പെടാത്ത കറൻസി നോട്ടായിതന്നെ പണം നമ്മുടെ കൈയ്യിൽ അവശേഷിക്കുകയാണെങ്കിൽ അവ പിന്നെ ഉപയോഗിക്കാൻ കഴിയുകയില്ല.

കറൻസി നോട്ടുകൾ പിൻവലിച്ച നടപടി സർക്കാർ പുന:പരിശോധിക്കും എന്ന് ചിന്തിക്കാൻ വകയില്ല. ഈ സ്ഥിതിവിശേഷം തുടരാനാണ് സാധ്യത. അതുകൊണ്ട് തന്നെ നമ്മൾ നോട്ടുകളുടെ ഉപയോഗം പരമാവധി കുറച്ചുകൊണ്ടുവന്നെങ്കിൽ മാത്രമേ ഇനിയും ജീവിതം സുഗമമാവുകയുള്ളൂ എന്നത് ഏതാണ്ട് തീർച്ചയാണ്. നോട്ടില്ലാതെ എങ്ങനെ ജീവിക്കും എന്ന് നാം ചിന്തിക്കുന്നുണ്ടാവും.

അവയെപ്പറ്റിയും നോട്ട് പിൻവലിച്ചതിന്റെ പിന്നിലുള്ള കാരണങ്ങളെപറ്റിയും, ഈ പ്രക്രിയകൊണ്ടുണ്ടാവുന്ന ഗുണദോഷങ്ങളെ

പ്പറ്റിയും എന്റെ പഠനത്തിൽ നിന്ന് മനസ്സിലായ ചിലകാര്യങ്ങൾ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കട്ടെ. ഇനിയങ്ങോട്ടുള്ള നിങ്ങളുടെ സാമ്പത്തിക ഇടപാടുകൾ സുഗമമാക്കുവാൻ അവ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രത്യേകമായി നാം ഓർത്തിരിക്കേണ്ടത് ശരിയായ രീതിയിൽ സമ്പാദിച്ച് നമ്മൾ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പണം ആർക്കും നഷ്ടമാവുകയില്ല എന്നതാണ്. എന്നാൽ രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കാതെ അനധികൃതമായി സമ്പാദിച്ചവ മുഴുവനായോ ഭാഗികമായോ നഷ്ടപ്പെട്ടെന്ന് വരാം. നോട്ടുകൾ പിൻവലിക്കുന്നതിന് കാരണമായി കേന്ദ്രസർക്കാർ പറഞ്ഞത് നമ്മുടെ ദേശീയ സമ്പത്തിന്റെ ഏതാണ്ട് മൂന്നിലൊരു ഭാഗത്തെനിയന്ത്രിക്കുന്നത് സർക്കാറിന് യാതൊരു നിയന്ത്രണവുമില്ലാത്ത കള്ളപ്പണക്കാരും കള്ളനോട്ടുകാരുമാണെന്നാണ്. അവരാകട്ടെ ഈ പണത്തിൽ ഏറിയപങ്കും കറൻസി നോട്ടുകളുമായി സൂക്ഷിക്കുകയും കൈമാറ്റം ചെയ്യുകയുമാണ് ചെയ്യുന്നത്. ഇത്രയും വലിയൊരു ഭാഗം നമ്മുടെ സമ്പദ്ഘടനയിൽ കള്ളപണക്കാരും കള്ളനോട്ടുകാരും നിയന്ത്രിക്കുന്നതുകൊണ്ട് പണപ്പെരുപ്പം, വിലവർദ്ധന, കൈക്കൂലി, കള്ളക്കടത്ത്, അഴിമതി, തലവരിപ്പണം, മയക്കുമരുന്ന് കച്ചവടം, ഗുണ്ടായിസം, അമിതമായ സ്ഥലവില, ആഢംബരവും ധൂർത്തും തുടങ്ങിയവയെ നിയന്ത്രിക്കാൻ സർക്കാറിന് സാധിക്കാതെ വരുന്നു. അതിന്റെ ഫലമായി സത്യസന്ധമായി അദ്ധ്വാനിച്ച് ജീവിക്കുന്നവരുടെ ജീവിതം ദുസ്സഹമായിത്തീരുന്നു. ഈ അവസ്ഥയിൽ നോട്ടുകളായി സൂക്ഷിച്ച് വെച്ചിരിക്കുന്ന കള്ളപ്പണത്തേയും കള്ളനോട്ടിനേയും ഒരു പരിധിവരെയെങ്കിലും ഇല്ലാതാക്കുവാനുള്ള മാർഗ്ഗമാണ് നോട്ട് അസാധുവാക്കലിലൂടെ സർക്കാർ തേടുന്നത്. അങ്ങനെ സമ്പദ്ഘടനയുടെ പൂർണ്ണ നിയന്ത്രണം തിരികെ സർക്കാരിലെത്തിക്കാനാകും.

കള്ളനോട്ടെന്നുപറഞ്ഞാൽ എന്താണെന്ന് എല്ലാവർക്കുമറിയാം. എന്നാൽ കള്ളപ്പണം എന്താണെന്ന് അറിയില്ലായിരിക്കാം. അവ ഉണ്ടാകുന്ന രീതികളും അജ്ഞാതമായിരിക്കാം. ഓരോ വ്യക്തിയുടെയും വാർഷികവരുമാനം ഒരു നിശ്ചിതതുക കടന്നാൽ ബാക്കിയുള്ളതിന് സർക്കാരിലേക്ക് ആദായനികുതി കൊടുക്കണം. ഇപ്രകാരം നികുതി കൊടുക്കാതിരിക്കാനായി വരുമാനകണക്കുകൾ സർക്കാരിലേക്ക് കൊടുക്കാതിരിക്കുകയോ ഭാഗികമായി മാത്രം കൊടുക്കുകയും ചെയ്യും. വലിയ തുകയാണ് വരുമാനമെങ്കിൽ ബാങ്കിലൂടെ മാത്രമേ കൈകാര്യം ചെയ്യാൻ അനുവാദമുള്ളു. അപ്പോൾ സർക്കാരിന് കൃത്യമായ കണക്കുകൾ കിട്ടുകയും ചെയ്യും. നേരെ മറിച്ച് കൈയ്യിൽ നോട്ടുകളായി വച്ച് കൈകാര്യം ചെയ്യുമ്പോൾ അത് കള്ളപ്പണമാകുന്നു. ഈ പണം കൈക്കൂലിയായിട്ടും, ആധാരത്തിൽ വിലകുറച്ച് കാണിച്ച് വാങ്ങിക്കുന്ന

സ്ഥലത്തിന് ആധാരത്തിൽ കാണിക്കാതെ കൊടുക്കുന്ന തുകയായിട്ടും വിദേശത്ത് ജോലിയുള്ളവരുടെ വിദേശപ്പണം ഇവിടെ എത്തിക്കാതെ ഇവിടെയുള്ള സ്വന്തക്കാർക്ക് കൊടുക്കുന്ന കുഴൽപണമായും മറ്റും വീണ്ടും കള്ളപ്പണമായി മാറി ഇവരുടെ കൈയ്യിൽ എത്തുന്നു. മയക്കു മരുന്നിനും മറ്റുമായി ഇത് കൊടുക്കുമ്പോൾ വീണ്ടും കള്ളപ്പണമാകുന്നു. ധാരാളം നോട്ടുകെട്ടുകൾ കൈയ്യിൽ ഉള്ളപ്പോൾ വിലനോക്കാതെ തന്നെ ആവശ്യമുള്ള സാധനങ്ങൾ പ്രത്യേകിച്ച് മത്സ്യം, മാംസം, പച്ചക്കറി തുട ങ്ങിയ ആഹാരസാധനങ്ങൾ വാങ്ങും. അപ്പോൾ അവയുടെ വിലകൂട്ടി വിൽക്കാൻ വ്യാപാരികൾ ശ്രമിക്കും. അങ്ങനെ അവ സാധാരണകാ രന് അപ്രാപ്യമാകും. ചുരുക്കത്തിൽ കള്ളപ്പണം ജീവിതത്തിന്റെ സമ സ്തമേഖലകളെയും സ്വാധീനിക്കുന്നു. കള്ളപ്പണം ഇല്ലാത്ത സാധാര ണകാരന്റെ അതിജീവനം ദുഷ്കരമാകുന്നു. സർക്കാരിന് വലിയസംഖ്യ വരുമാനനഷ്ടമുണ്ടാകുന്നു. അതിലൂടെ പദ്ധതികൾ നടപ്പാക്കാൻ പറ്റാതെ വരുന്നു. മാത്രമല്ല കടംവാങ്ങി ശമ്പളംപോലും കൊടുക്കേണ്ട അവസ്ഥ സർക്കാരിന് ഉണ്ടാകുന്നു.

നോട്ടുകൾ നിരോധിച്ചതുകൊണ്ട് സർക്കാർ ഉദ്ദേശിച്ച ഫലം ഉണ്ടാകുമോ? അത് കാത്തിരുന്ന് കാണേണ്ടകാര്യമാണ്. ഇനിയങ്ങോട്ട് ഫലപ്രദമായ മറ്റു നടപടികളും ഇതോടൊപ്പം എടുക്കുകയാണെങ്കിൽ സർക്കാർ ഉദ്ദേശിച്ചതുപോലെ മുഴുവൻ നടന്നില്ലെങ്കിലും ഇന്നത്തെ ദു:സ്ഥിതിക്ക് ഒരളവുവരെയെങ്കിലും പരിഹാരം ഉണ്ടാവുമെന്നത് നിശ്ച യമാണ്. എന്നാൽ ആവശ്യമായ മുന്നൊരുക്കമില്ലാതെ എന്നുതന്നെ പറ യട്ടെ, ഇപ്രകാരം ഒരു നടപടിയിലേക്ക് സർക്കാർ പോയതുകൊണ്ട് കൈയ്യിൽ കൊണ്ടു നടക്കാവുന്ന നോട്ടുകളുടെ എണ്ണത്തിൽ വലിയ കുറവുവരുകയും ക്രയവിക്രയം ഏതാണ്ട് അസാദ്ധ്യമാവുകയും ചെയ്തു. അടിയന്തരകാര്യങ്ങൾക്ക് പോലും കൈയിൽ പണമില്ലാത്ത അവസ്ഥയായി. ബാങ്കിൽ നിന്ന് മാറ്റിയെടുക്കാവുന്നതും പിൻവലിക്കാ വുന്നതുമായ തുകയുടെ വലിപ്പവും ആവശ്യത്തിന് തികയുന്നതല്ല. ഈ പ്രതിസന്ധിഘട്ടത്തിൽ നമ്മൾക്ക് എന്താണ് ചെയ്യാനുള്ളത്? നോട്ട് അസാധുവാക്കിയ തീരുമാനം പിൻവലിക്കുകയില്ല എന്ന് ഏതാണ്ട് തീർച്ചയായ സാഹചര്യത്തിൽ പണം കൈകാര്യം ചെയ്യാനായി മറ്റു മാർഗ്ഗങ്ങൾ തേടുകയേ നിവർത്തിയുള്ളു. മറ്റു മാർഗ്ഗങ്ങൾ ഏറെയുണ്ടു താനും. നമ്മളത് മനസ്സിലാക്കി പഠിച്ച് പ്രയോഗത്തിലാക്കിയാൽ ഇപ്പോ ഴത്തെ ഈ പ്രതിസന്ധിയിൽ നിന്ന് ക്രമേണ കരകയറാൻ പറ്റും. ഇങ്ങ നെയൊക്കെ ചെയ്യാൻ നമ്മളെ നിർബന്ധിക്കുക എന്നതുതന്നെയാണ് നോട്ട് അസാധുവാക്കലിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നതും. പണം

മാറുന്നതിനും പിൻവലിക്കുന്നതിനും ഇപ്പോഴുള്ള നിയന്ത്രണങ്ങൾ മാറിക്കഴിയുമ്പോൾ ഇത്തരത്തിലുള്ള പണകൈമാറ്റ രീതികളിലൂടെ നമ്മുടെ ആവശ്യങ്ങൾ എല്ലാം നിർവ്വഹിക്കാൻ കഴിയും.

നോട്ടുകൾ അസാധുവാക്കി പ്രഖ്യാപിച്ചപ്പോൾ തന്നെ നോട്ടുകൾ ഇല്ലാതെ തന്നെ ക്രയവിക്രയം നടത്തേണ്ട രീതികളെപറ്റിയും സർക്കാർ വിശദീകരിച്ചിരുന്നുവെങ്കിൽ കാര്യങ്ങൾ ഇത്രയും വഷളാകുമായിരുന്നില്ല എന്ന് ഞാൻ ചിന്തിക്കുന്നു. മാത്രമല്ല അതിനാവശ്യമായ യന്ത്രസംവിധാനങ്ങളും മറ്റും വ്യാപാരസ്ഥാപനങ്ങളിലും പണം കൈകാര്യം ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും ഉടൻതന്നെ സ്ഥാപിക്കണമെന്നും നിയമത്തിൻകീഴിൽ നിർബന്ധിക്കാമായിരുന്നു. ഈ ഒരുക്കമില്ലായ്മയും വിശദീകരണമില്ലായ്മയും സാധാരണക്കാരുടെ പണം ഏറെയും കൈകാര്യം ചെയ്യുന്ന സഹകരണസ്ഥാപനങ്ങളിലെ പ്രതിസന്ധിയുമെല്ലാമാണ് കാര്യങ്ങൾ ഇത്രയും അധികം കുഴഞ്ഞുമറിയാൻ കാരണമാക്കയത്.

നോട്ട് അസാധുവാക്കിയതിനുശേഷം രണ്ടരലക്ഷം രൂപയിൽ കൂടുതൽ നിക്ഷേപിക്കുന്നവർക്കെല്ലാം ആദായ നികുതി വകുപ്പ് നോട്ടീസ് അയക്കുമെന്നും അവരുടെ നിക്ഷേപങ്ങൾക്ക് ഏറ്റവും കൂടിയ നികുതി നിരക്കും 200% ഫൈനും അടപ്പിക്കുമെന്നും സൂചിപ്പിച്ചുകൊണ്ടുള്ള ഭീഷണികൾ മാധ്യമങ്ങളിലൂടെ പ്രചരിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ നിയമമനുസരിച്ച് 200% ഫൈൻ അടക്കാൻ വകുപ്പില്ല. എന്നാൽ ഏറ്റവും ഒടുവിൽ കിട്ടിയ വാർത്ത അനുസരിച്ച് ഇപ്പോഴുള്ള നിയമം 200% ഫൈൻ അടപ്പിക്കത്തക്കരീതിയിൽ ഭേദഗതിചെയ്ത് നടപ്പിൽ വരുത്തുമെന്നാണ്. അങ്ങനെയെങ്കിൽ തീർച്ചയായും ഫൈൻ അടക്കേണ്ടിവരും.

ഇരുപതിനായിരം രൂപയിൽ കൂടുതൽ ആർക്കെങ്കിലും എന്തെങ്കിലും കൊടുക്കേണ്ടിവരുമ്പോൾ അത് ചെക്ക് മൂലമേ പാടുള്ളൂ എന്ന് ഇപ്പോൾ തന്നെ നിയമമുണ്ട്. ആ നിയമം നാം അനുസരിക്കണം. വലിയ തുകകൾ കൈമാറുമ്പോൾ ബാങ്ക് ട്രാൻസ്ഫർ ( Bank Transfer) ഉപയോഗിക്കാം. ബാങ്ക് ട്രാൻസ്ഫറിനായി നമ്മൾ ബാങ്കിൽ പോകണമെന്നില്ല. വീട്ടിലിരുന്നുകൊണ്ട് തന്നെ ഇന്റർനെറ്റ് കണക്ഷൻ ഉള്ള മൊബൈൽ ഫോണിലൂടെ അക്കാര്യം വളരെ എളുപ്പത്തിൽ നിർവ്വഹിക്കാം. അതിന് നമ്മുടെ ഫോണുകളെ സജ്ജമാക്കിയാൽ മതി. ആശുപത്രിയിൽ പണം കൊടുക്കുന്നതിനോ, കുട്ടികളുടെ ഫീസ് കൊടുക്കുന്നതിനോ, സ്ഥലം വാങ്ങുന്നതിനോ, വീട് വാങ്ങുന്നതിനോ എന്നുവേണ്ട മറ്റെല്ലാകാര്യങ്ങൾക്കും ഈ രീതി അവലംബിക്കാം.

മറ്റൊരു രീതിയാണ് ബാങ്കിൽ നിന്ന് കിട്ടുന്ന ക്രെഡിറ്റ് കാർഡ്/ ഡെബിറ്റ് കാർഡ് (Credit Card/Debit Card) എന്നിവ ഉപയോഗിച്ചുള്ള പണ കൈമാറ്റങ്ങളും ക്രയവിക്രയരീതികളും. പ്രധാനമന്ത്രിയുടെ ജൻധൻ പദ്ധതിയനുസരിച്ച് അക്കൗണ്ട് തുറന്നിട്ടുള്ള എല്ലാവർക്കും റുപേ എന്ന പേരിൽ ഡെബിറ്റ് കാർഡ് കൊടുത്തിട്ടുണ്ട്. അത്തരം കാർഡുകൾ ഉപ യോഗിച്ച് പണകൈമാറ്റം നടത്തണമെങ്കിൽ ചില പ്രത്യേക മെഷീനു കൾ ആവശ്യമാണ്. അത്തരം മെഷീനുകൾ സാധാരണവ്യക്തികൾക്ക് ആവശ്യമില്ല. പ്രത്യുത വ്യാപാര സ്ഥാപനങ്ങൾക്കാണ് ആവശ്യം. അധികം താമസിയാതെ തന്നെ ഈ രീതി വ്യാപകമാകും എന്നത് നിസംശയമാണ്.

ഇനിയുമുണ്ട് പണം കൈമാറ്റത്തിന് രീതികൾ. പേഴ്സിൽ നോട്ടു കൾ വെച്ചുകൊണ്ടുപോയി സാധനങ്ങൾ വാങ്ങുന്നതുപോലെയുള്ള ഒരു രീതിയാണത്. പക്ഷെ നോട്ടും പേഴ്സും ഒന്നും നമ്മൾ കൊണ്ടുനട ക്കേണ്ടതില്ല. അത് മൊബൈൽ ഫോണിൽ തന്നെ സെറ്റ് ചെയ്യാവുന്ന തേയുള്ളൂ. ഇങ്ങനെ മൊബൈൽ ഫോൺ പേഴ്സുകളെ മൊബൈൽ വാലറ്റ്കൾ (Mobile Wallet) എന്നു പറയുന്നു. നമ്മൾ നമ്മുടെ അക്കൗണ്ടിൽ നിന്ന് ക്രെഡിറ്റ് കാർഡ്/ ഡെബിറ്റ് കാർഡ് ഉപയോ ഗിച്ച് ബാങ്ക് ട്രാൻസ്ഫർ വഴിയാണ് മൊബൈൽ വാലറ്റുകളിൽ പണം നിറയ്ക്കുന്നത്. നമ്മുടെ ഫോണിന്റെ സിംകാർഡ് റീചാർജ്ജ് ചെയ്യു മ്പോൾ ആ തുക നാം കാണുന്നില്ലല്ലോ, എങ്കിലും നമ്മൾ വിളിക്കുന്ന കോളുകൾക്കനുസരിച്ച് പണം കുറഞ്ഞുകൊണ്ടിരിക്കും. തീർന്നില്ലാ താവുമ്പോൾ വീണ്ടും റീചാർജ്ജ് ചെയ്യണമല്ലോ. ഇതുതന്നെയാണ് മൊബൈൽ വാലറ്റിന്റെയും സ്ഥിതി. ഇപ്പോൾ തന്നെ കടക്കാരും വിൽപ്പ നക്കാരും എന്തിനേറെ കൂലിപണിക്കാർ വരെ അവർക്ക് കിട്ടാനുള്ള തുക മൊബൈൽ വാലറ്റുകളിലൂടെ സ്വീകരിക്കുന്നുണ്ട്. ഗുജറാത്തിലെ ഒരു ഗ്രാമം മുഴുവൻ ഇപ്രകാരം ചെയ്യുന്നത് നിങ്ങൾ പത്രത്തിൽ വായിച്ചു കാണും.

ചുരുക്കത്തിൽ നോട്ടുവഴിയുള്ള ക്രയവിക്രയം കുറയുകയും എല്ലാം ബാങ്കിലൂടെ ആവുകയും ചെയ്യുമ്പോൾ ഓരോ പൗരന്റെയും സാമ്പത്തിക സ്ഥിതിയെപ്പറ്റി സർക്കാറിന് കൃത്യമായ വിവരം ലഭ്യമാ കുന്നു. അതുവഴി നികുതി കൊടുക്കേണ്ടവർ ആരെന്ന് തിരിച്ചറിയാനും, സർക്കാരിന്റെ ആനുകൂല്യങ്ങൾക്ക് ആർക്കെല്ലാം അർഹതയുണ്ടെന്നു തിരിച്ചറിയാനും സാധിക്കും. മാത്രമല്ല എല്ലാ സാമ്പത്തിക ഇടപാടു കളും നോട്ടുകൾ ഇല്ലാത്ത രീതിയിൽ ആകുമ്പോൾ കൈക്കൂലി വാങ്ങു ന്നതും സാധനങ്ങൾക്ക് കൂടുതൽ വില വാങ്ങുന്നതും, സ്ഥലങ്ങൾക്ക് ഊതിവീർപ്പിച്ചതുപോലെ വിലകയറുന്നതും ഒഴിവാക്കാൻ ഒരു പരിധി

വരെയെങ്കിലും കഴിയും. സർക്കാർ അറിയാതിരിക്കാനും, നികുതി പിരിക്കാതിരിക്കാനും വേണ്ടി കറൻസി നോട്ടുകളായി ഒരുപാട് പണം ആളുകളുടെ കൈയ്യിൽ കുമിഞ്ഞ് കൂടുമ്പോഴാണല്ലോ ആർഭാടവും, ധൂർത്തും എല്ലാം ഉണ്ടാകുന്നത്. ഈ പരിസ്ഥിതിയിൽ കള്ളക്കടത്തും മയക്കുമരുന്നു വില്പനയും ആയുധകച്ചവടവും ഗുണ്ടായിസവും മദ്യപാനവുമെല്ലാം നല്ലൊരു ശതമാനം ഇല്ലാതാക്കാൻ കഴിയും. നമുക്ക് അത്യാവശ്യമില്ലാത്ത പണം ബാങ്കിൽ നിക്ഷേപിക്കുമ്പോൾ ബാങ്ക് പലിശ കുറഞ്ഞ നിരക്കിൽ പലിശയ്ക്ക് കടംകൊടുക്കുവാൻ ബാങ്കുകൾക്ക് കഴിയും. ക്ഷേമപദ്ധതികൾക്ക് പണം കണ്ടെത്തുവാൻ നിക്ഷേപങ്ങളിൽ നിന്ന് കിട്ടുന്ന നികുതിയിലൂടെ സർക്കാറിനും കഴിയും. അതിന് നമ്മുടെയെല്ലാം സഹകരണം കൂടിയേ കഴിയൂ.


അതിനായി സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക എന്ന കർതൃവചനം പ്രാവർത്തികമാക്കുക എന്നത് പ്രധാനമാണ്. ആദായനികുതി കൊടുക്കാതിരിക്കാൻ വേണ്ടി വരുമാനങ്ങൾ സർക്കാരിൽ നിന്ന് മറച്ചു വയ്ക്കുന്നതും, കൈക്കൂലി കൊടുക്കുന്നതും വാങ്ങുന്നതും സ്ഥലം വില്പന നടത്തുമ്പോൾ നികുതി കൊടുക്കാതിരിക്കാൻ വേണ്ടി ആധാരത്തിൽ വിലകുറച്ച് കാണിക്കുന്നതും നികുതി കുറവുണ്ടാകും എന്നതിന്റെ പേരിൽ കടയിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾക്ക് ബിൽ വാങ്ങാതിരിക്കുന്നതും, കൊടുക്കാതിരിക്കുന്നതും ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം കർത്താവിന്റെ പ്രബോധനത്തിന് വിരുദ്ധമാണ്. അങ്ങനെ നാം ചെയ്യുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിൽ ഒന്നാണ് ഇപ്പോൾ സർക്കാർ കൈകൊണ്ടിരിക്കുന്ന ഈ നടപടി. ഈ ലോകത്തിൽ നല്ല പൗരന്മാർ ആയിരിക്കുന്നവർക്കേ നിത്യജീവിതത്തിലും അത്തരം പൗരത്വം കിട്ടുകയുള്ളൂ. അതിനാൽ നമ്മൾ നമ്മുടെ സാമ്പത്തിക ഇടപാടുകൾ സുതാര്യവും സത്യസന്ധവും ആക്കേണ്ടത് അനിവാര്യമാണ്. മേൽപ്പറഞ്ഞ പുതിയ പണകൈമാറ്റ രീതികൾ നാം സ്വീകരിക്കുകയാണെങ്കിൽ അത് എളുപ്പമായിത്തീരും. അതിലൂടെ സമൂഹത്തിൽ നിലവിലിരിക്കുന്ന ചില വലിയ തിന്മകളെ തുടച്ചുനീക്കാൻ കഴിയും. നമ്മുടെ രാജ്യം മറ്റ് വികസിത രാജ്യങ്ങൾക്കൊപ്പമായിത്തീരുകയും ചെയ്യും.

ഈയിടെ സാമൂഹ്യ മാദ്ധ്യമങ്ങളിലൂടെ കിട്ടിയ ഒരു ആദ്ധ്യാത്മിക പരിചിന്തനത്തിന്റെ ചുരുക്കം പറഞ്ഞുകൊണ്ട് ഈ സർക്കുലർ അവസാനിപ്പിക്കട്ടെ. 1. നോട്ട് അസാധുവാക്കൽ പ്രഖ്യാപനം വന്നത് ആരും ചിന്തിക്കാത്ത സമയത്താണ്. ദൈവം നമ്മെ തന്റെ അടുത്തേയ്ക്ക് സ്ഥിരമായി തിരിച്ച് വിളിക്കുന്നത് നമ്മൾ ചിന്തിക്കാത്ത നേരത്തായിരിക്കും. ഒരുങ്ങിയിരിക്കുക. 2. നിമിഷങ്ങൾക്കുള്ളിൽ നമ്മുടെ പണത്തിന്റെ

മൂല്യം നഷ്ടപ്പെട്ടു. മരണത്തോടെ നമ്മുടെ ഈ ലോകത്തിലെ എല്ലാ നേട്ടങ്ങളുടെയും മൂല്യം നഷ്ടപ്പെടുന്നു. അതുകൊണ്ട് ദൈവത്തിന്റെ അടുത്ത് മൂല്യമുള്ള കാര്യങ്ങൾ ഇപ്പോഴെ ചെയ്യുക. അവ സ്വർഗ്ഗത്തിൽ നിക്ഷേപമായിരിക്കും. ഉള്ളവർ ഇല്ലാത്തവരുമായി പങ്കുവെയ്ക്കുക. 3. വിനിമയത്തിന് തടസ്സം. എ.ടി.എമ്മുകൾ എല്ലാം അടഞ്ഞ് കിടക്കുന്നു. ബാങ്കുകൾക്ക് മുമ്പിൽ നീണ്ട ക്യൂ ഉണ്ട്. മരണത്തോടെ സ്വർഗ്ഗത്തിൽ നിക്ഷേപിക്കാനുള്ള മാർഗ്ഗങ്ങൾ അടയും, അതിന് മുമ്പേ വേണ്ടത് ചെയ്യുക. 4. വ്യാജന് ആയുർദൈർഘ്യമില്ല. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുക എന്ന ലക്ഷ്യത്തോടെ അല്ലാതെ ചെയ്യുന്ന എല്ലാപ്രവർത്തികളും വ്യാജനാണ്. മരണത്തോടെ അവയുടെ മൂല്യം നഷ്ടപ്പെടും. നിങ്ങളെ ഞാൻ അറിയില്ല എന്ന ഉത്തരം നാം കേട്ടേക്കാം. 5. ചെറിയവരും വലിയവരാണ്. ഇപ്പോൾ ചെറിയവർ വലിയവരും വലിയവർ ചെറിയവരുമായിരിക്കുന്നു. ദൈവരാജ്യത്തിൽ വലിയവർ ആകാൻ ആഗ്രഹിക്കുന്നവർ ഈ ലോകത്തിൽ ചെറിയവരാകണം. 6. സ്രോതസ്സുകൾ പ്രധാനമാണ്. തിരിച്ചറിയപ്പെടാനുള്ള രേഖകളും വേണം. ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ചെയ്യുന്ന സത്പ്രവർത്തികൾ മാത്രമാണ് സ്രോതസ്സുകൾ ശരിയായിട്ടുള്ളത്. 7. ഭാവി ആസൂത്രണം ചെയ്യുക: ഇനിയിപ്പോൾ എന്തുചെയ്യും എന്ന വേവലാതിയിലാണ് പലരും. മുന്നറിയിപ്പുകൾ പലത് സർക്കാർ തന്നിരുന്നു. നാം അത് അവഗണിച്ചു. എല്ലാം നമ്മുടേതാണെന്നും അവ എന്നും നമ്മുടെ കൂടെ ഉണ്ടാകുമെന്നും നാം വിചാരിച്ചു. പണം സർക്കാരിന്റേതാണ്. നമ്മുടെതെല്ലാം ദൈവത്തിന്റേതാണ്. അക്കാര്യം മറക്കാതെ അവിടുത്തെ മുന്നറിയിപ്പുകൾ മനസ്സിലാക്കി ഇപ്പോഴെ ഒരുങ്ങുക.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2016 നവംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2016 ഡിസംബർ മാസം 11–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**